
പഞ്ചായത്തുകൾ

3/91

# പഞ്ചായത്തുകൾ

(പരിഷ്കരിച്ച പുതിയ പതിപ്പ്)

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

3191

# പഞ്ചായത്തുകൾ

(തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളെപ്പറ്റി ചില സാമാന്യവിവരങ്ങൾ)

ഗ്രന്ഥകർത്താ:
**ആർ. കേശവൻ നായർ**
പഞ്ചായത്ത് അസി: ഡയറക്ടർ

3191
L185

**നാഷനൽ ബുക്ക് സ്റ്റാൾ**
കളരിക്കൽ ബസാർ, കോട്ടയം

വില 1 ക. 4 ണ.

ഒന്നാംപതിപ്പ് 1953 ഫെബ്രുവരി
രണ്ടാംപതിപ്പ് 1953 മാർച്ച്
പകർപ്പവകാശം ഗ്രന്ഥകർത്താവിന്

അച്ചടി:
ഇൻഡ്യാ പ്രസ്സ്, കോട്ടയം.

3191
4-185

# വിഷയവിവരം

1 പ്രാരംഭം
2 പഞ്ചായത്തുകളുടെ പുനരുദ്ധാരണം
3 പുതിയ പഞ്ചായത്തുനിയമം
4 പഞ്ചായത്തുകളുടെ ഘടന
5 പഞ്ചായത്തുകളുടെ ചുമതലകളും
അധികാരങ്ങളും
6 പഞ്ചായത്തുഫണ്ട്
7 പഞ്ചായത്തുനടപടിക്രമം
8 നിയന്ത്രണം
9 തെരഞ്ഞെടുപ്പ്
10 ഉപസംഹാരം

## അനുബന്ധങ്ങൾ

1 പഞ്ചായത്തുകളുടെ ലിസ്റ്റ്
2 പഞ്ചായത്തുകളുടെ താലൂക്കതിരിച്ചുള്ള പട്ടിക

3191

ഒന്നാംപതിപ്പു പ്രസിദ്ധീകരിച്ചു് കഴിച്ചു രണ്ടു മാസങ്ങൾക്കുള്ളിൽ ഒരു രണ്ടാംപതിപ്പു വേണ്ടിവരുമെന്നു് പ്രതീക്ഷിച്ചിരുന്നില്ല. അതിനാൽ ആശിച്ചിരുന്ന വിധത്തിൽ, ഈ പതിപ്പു് പരിഷ്ക്കരിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ടു്. എങ്കിലും നിയമങ്ങളിലും പഞ്ചായത്തുകളുടെ ഘടനയിലും ഇതുവരെവന്നിട്ടുള്ള സകല ഭേദഗതികളും ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ടു്.

'തെരഞ്ഞെടുപ്പു്' എന്ന വിഭാഗം അവശ്യമായ കൂടുതൽ വിവരങ്ങൾ ചേർത്തു് പരിഷ്ക്കരിച്ചിട്ടുള്ളതു് അടുത്തുവരുന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിനെ പരിഗണിക്കുമ്പോൾ പൊതുവെ ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു.

കോട്ടയം
15-3-1953 ഗ്രന്ഥകർത്താ

3191
L

# പഞ്ചായത്തുകൾ

## 1. പ്രാരംഭം

മഹത്തായ ഇൻഡ്യൻ യൂണിയനിലെ എല്ലാ സ്റ്റേറ്റുകളിലും ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഭരണഘടനയിലെ നിർദ്ദേശാനുസരണമാണ് സ്റ്റേറ്റുകൾ ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നതു്. നിർദ്ദേശം ഇപ്രകാരമാണ്:-

"The State shall take steps to organise village panchayats and endow them with such powers and authority as may be necessary to enable them to function as units of self-government." *

ഭാരതത്തിലെ ഏഴുലക്ഷം ഗ്രാമങ്ങളേയും സ്വയം പര്യാപ്തഘടകങ്ങളാക്കിതീർത്തു്, യഥാർത്ഥ ജനകീയാടിസ്ഥാനത്തിൽ, സുശക്തവും, സുസ്ഥിരവുമായ ഒരു ഭരണ

---

* The Constitution of India, Part IV-Directive Principles of State Policy, Article-40.

കൂടം കെട്ടിപ്പടുക്കുന്നതിന്, ഗ്രാമപ്പഞ്ചായത്തുകൾ വഹിക്കേണ്ടുന്ന പങ്ക് വളരെ പ്രാധാന്യമേറിയതാണെന്ന് രാഷ്ട്രപിതാവ് ഊന്നിപ്പറഞ്ഞിട്ടുണ്ട്. സ്വതന്ത്രഭാരതത്തിന് ഗ്രാമപ്പഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ, അദ്ദേഹം വിഭാവനം ചെയ്തിട്ടുള്ള ഭരണഘടനയുടെ ഏതാണ്ടൊരു രൂപം താഴെ കൊടുത്തിട്ടുള്ള അദ്ദേഹത്തിന്റെ വാക്കുകളിൽ അടങ്ങിയിരിക്കുന്നു.

"There are seven-hundred thousand villages in India. Each would be organised according to the will of its citizens, all of them voting. Then there would be seven-hundred thousand votes and not four hundred million. Each village, in otherwords, would have one vote. The villages would elect their District Administrators and the District Administrators would elect their Provincial Administrators and they, in their turn, would elect a President who would be the chief executive." *

ഇന്നു നിലവിലുള്ള ഭരണഘടനയുടെ 40-ാം വകുപ്പിൽ കാണുന്ന നിർദ്ദേശം, ഇപ്രകാരം പഞ്ചായത്തുകളിൽ അധിഷ്ഠിതമായ ഒരു ഭരണഘടന രൂപീകരിക്കുന്നതിനുള്ള ഒരു നാന്ദി ആയിരുന്നേക്കാം.

പുരാതനഭാരതത്തിന്റെ ഐശ്വര്യത്തിന് നിദാനമായിരുന്നത് ഗ്രാമ സ്വയംഭരണ സ്ഥാപനങ്ങളായിരുന്ന പഞ്ചായത്തുകളായിരുന്നു. അധികാരവിഭജനം

---

*Quoted from "A week with Ghandji" by Louis Fisher,

ചെയ്യുള്ള ഭരണസമ്പ്രദായത്തിൽ വിശ്വസിച്ചിരുന്ന അന്നത്തെ ഭരണകർത്താക്കൾ, രാജ്യത്തിൻെറ ഐശ്വര്യവും, ക്ഷേമൈശ്വര്യങ്ങളും, പഞ്ചായത്തുകളുടെ കാര്യക്ഷമമായപ്രവർത്തനങ്ങളിലാണ് ദർശിച്ചിരുന്നത്. ഈ പഞ്ചായത്തുകൾക്ക് സർവ്വവ്യാപകവും വിപുലവുമായ അധികാരങ്ങൾ ഉണ്ടായിരുന്നതായി മഹാഭാരതം, ശുക്രാചാര്യരുടെ നീതിസാരം, മനുസ്മൃതി, അർത്ഥശാസ്ത്രം മുതലായ ഗ്രന്ഥങ്ങളിൽ നിന്നും അറിയുവാൻ സാധിക്കുന്നു. മാർക്സ്, [1] ഹെൻറിമെയിൻ [2] മുതലായ സമുദായ ശാസ്ത്രജ്ഞന്മാരും, ബെവറിഡ്ജ്, [3] സ്മിത്ത്[4] മുതലായ ചരിത്രകാരന്മാരും, ഈ സ്ഥാപനങ്ങളെ വളരെ ശ്ലാഘിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പിനിക്കാരുടെ രഹസ്യറിക്കാർഡുകളിൽ പഞ്ചായത്തുകളെ വാഴ്ത്തുന്ന ധാരാളം രേഖകളുണ്ട്. കൃഷികൾക്ക്ഭൂമിവിഭജിച്ചുകൊടുക്കുക, ജലസേചനപദ്ധതികൾ നടപ്പിലാക്കുക, റോഡുകൾ വെട്ടുക, വഴിയമ്പലങ്ങൾ സ്ഥാപിക്കുക, കേന്ദ്രഗവമ്മെൻറിനു ചെല്ലേണ്ടുന്ന കരങ്ങൾ പിരിക്കുക മുതലായി സർവ്വപ്രധാനങ്ങളായചുമതലകൾഈ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ നിർവ്വഹിച്ചിരുന്നതായി കാണുവാൻ കഴിയും. ഗ്രാമങ്ങളെ സ്വയംപര്യാപ്തഘടകങ്ങളാക്കി സംഘടിപ്പിക്കുന്നതിന് പഞ്ചായത്തുകൾ സഹായകങ്ങളായിരുന്നു. ശത്രുക്കളിൽനിന്നുള്ള എത്രയോ ആക്രമണങ്ങൾ ഭാരതത്തി

---

1 Karl Marx
2 Sir Henry Maine
3 Beveridge
4 Sir Vincent A Smith

ന് അപ്പപ്പോൾ നേരിടേണ്ടിവന്നിട്ടുണ്ടെങ്കിലും അവ യൊന്നുംതന്നെ സാധാരണ ജനതയുടെ ജീവിതത്തെ ബാധിക്കാതിരുന്നതു് ഈ സ്വയംഭരണസ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനഫലമായിരുന്നു.

എന്നാൽ, അധികാരകേന്ദ്രീകരണംകൊണ്ടേ ഭാരതംപോലുള്ള ഒരു വലിയ സാമ്രാജ്യം അടക്കി ഭരിക്കുവാൻ സാധിക്കുകയുള്ളു എന്നുകണ്ട ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാർ ആദ്യമായി ചെയ്തതു് പഞ്ചായത്തുകളെ നിർജ്ജീവങ്ങളാക്കി അധികാരം കേന്ദ്രീകരിച്ചുള്ള സുശക്തമായ ഒരു ഭരണകൂടം വാർത്തെടുക്കുകയായിരുന്നു.

പുരാതനകേരളത്തിൽ നിലവിലിരുന്ന ഭരണസമ്പ്രദായത്തിൻേറയും നട്ടെല്ലു് ഗ്രാമസംഘടനകളായിരുന്നു. വളഞ്ചിയം, തറക്കൂട്ടം, കഴകം, അഞ്ഞൂറു്, അറുന്നൂറു്, നാട്ടുകൂട്ടം, കരയോഗം, എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന സംഘടനകൾ കേന്ദ്രഭരണകൂടത്തിനു ശക്തിയും, ഐശ്വര്യവും നൽകിക്കൊണ്ടിരുന്ന ഗ്രാമറിപബ്ലിക്കുകളായിരുന്നു.

ഇൻഡ്യയിലെ ബ്രിട്ടീഷ്ഗവമ്മെൻറു് സകല അധികാരങ്ങളും കേന്ദ്രത്തിൽനിന്നും വിനിയോഗിച്ചുതുടങ്ങിയതോടുകൂടി ഗ്രാമങ്ങളുടെ പ്രാധാന്യം കുറയുകയും, വിവിധസരണികളിലും അവയുടെ സ്വയംപര്യാപ്തതാസ്വഭാവം നശിക്കുകയും ചെയ്തു. ഗ്രാമീണരുടെ സകല പ്രാഥമികാവശ്യങ്ങളുടേയും ഉത്തരവാദിത്വം ഏറെറടുത്തു നടത്തുവാൻ ഓരോ ഗ്രാമത്തിനും ഉണ്ടായിരുന്ന സ്വാതന്ത്ര്യവും, അവകാശവും, അതോടുകൂടി നഷ്ടപ്പെട്ടു. തൽഫലമായി, അവിടവിടെ പട്ടണങ്ങൾ ഉദിച്ചുയരുകയും ഗ്രാമ

ങ്ങൾ അധഃപതിക്കുകയും ചെയ്തു. ഒന്നരണ്ടു നൂററാണ്ടുകൾ കഴിഞ്ഞു് ഗ്രാമോദ്ധാരണപ്രസ്ഥാനം ഉടലെടുത്തതിനുശേഷമാണു് ഗ്രാമങ്ങളുടെ നിർജ്ജീവാവസ്ഥയ്ക്കു് അല്പാല്പമായി മാററം വന്നുതുടങ്ങിയതു്.

## 2. പഞ്ചായത്തുകളുടെ പുനരുദ്ധാരണം

കാലാന്തരത്തിൽ, ഇൻഡ്യൻജനതയുടെ നിരന്തരമായ മുറവിളിയുടേയും, പ്രജായത്തഭരണസമ്പ്രദായത്തിൽ ഇംഗ്ലീഷുകാർക്കുള്ള അടിയുറച്ച വിശ്വാസത്തിൻെറയും ഫലമായി ക്രമേണ സ്വയംഭരണസ്ഥാപനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബ്രിട്ടീഷ് ഗവമ്മെൻ്റ് ആരംഭിച്ചു. അതേവരെ അവഗണിക്കപ്പെട്ടിരുന്ന ഗ്രാമങ്ങളുടെ പുനരുദ്ധാരണപരിപാടികൾ പഞ്ചായത്തുകൾ മുഖേന മാത്രമേ ശരിയായി സംഘടിപ്പിക്കുന്നതിനു സാധിക്കുകയുള്ളു എന്നു് ഭരണാധികാരികൾ മനസ്സിലാക്കാതിരുന്നില്ല.

ഗ്രാമങ്ങളിൽ സ്വയംഭരണഘടകങ്ങൾ സ്ഥാപിക്കുന്നതിന് ആദ്യമായി നടപടികളെടുത്തതു് 1882-ൽ റിപ്പൺപ്രഭു*വൈസ്രോയി ആയിരുന്നപ്പോഴാണു്. 1909-ൽ അധികാരവികേന്ദ്രീകരണത്തിൻെറ സാദ്ധ്യതകൾ ആരായുന്നതിനായി നിയമിച്ച രാജകീയകമ്മിഷൻ, ഗ്രാമങ്ങൾതോറും പഞ്ചായത്തുകൾ സ്ഥാപിക്കുന്നതിനും, അവയ്ക്കു് ആവശ്യമായ അധികാരങ്ങളും ചുമതലകളും നൽകുന്നതിനും ശുപാർശ ചെയ്തു. അതനുസരിച്ചു് 1915-ൽ എല്ലാ പ്രവിശ്യാഗവമ്മെൻ്റുകൾക്കും ഗ്രാമപഞ്ചായത്തുകൾ സം

---

* Marquis of Ripon (1827–1909)

ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രഗവർമ്മെൻറിൽ നിന്നും നൽകി. 1919-ൽ പ്രാദേശികസ്വയംഭരണവകുപ്പ് ജനകീയമന്ത്രിമാരിൽ നിക്ഷിപ്തമായതോടുകൂടി മിക്ക ഇൻഡ്യൻപ്രവിശ്യകളിലും,സ്റ്റേറ്റുകളിലും, പഞ്ചായത്തുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ശീഘ്രഗതിയിൽ സമാരംഭിക്കപ്പെട്ടു.

തത്സംബന്ധമായുള്ള പ്രവർത്തനങ്ങൾ അന്നത്തെ തിരുവിതാംകൂർ, കൊച്ചി എന്നീ സംസ്ഥാനങ്ങളിൽ 1912 മുതൽതന്നെ പൊതുജനങ്ങൾ സംഘടിപ്പിച്ചുതുടങ്ങിയതാണ്. തൽഫലമായി, കൊച്ചിയിൽ 1914-ലും[1] തിരുവിതാംകൂറിൽ 1925-ലും[2] ഓരോ പഞ്ചായത്തു നിയമങ്ങൾ അതാതു രാജ്യങ്ങളിലെ നിയമസഭകൾ അംഗീകരിച്ചു പാസ്സാക്കി. അടുത്തകാലം വരെ, 1914-ൽ പാസ്സായ നിയമമാണ് ചില ഭേദഗതികളോടുകൂടി കൊച്ചിയിൽ നിലവിലിരുന്നത്. തിരുവിതാംകൂറിലാകട്ടെ 1940ൽ പഞ്ചായത്താക്ടിൽനിന്നും വളരെ വ്യത്യസ്ഥമല്ലാത്തതും എന്നാൽ ഗ്രാമോദ്ധാരണസംരംഭങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു പ്രവർത്തിക്കുന്നതിന് സാദ്ധ്യതകൾ നൽകുന്നതും ആയ വില്ലേജ് യൂണിയൻ ആക്ട്[3] നിയമമായി. അങ്ങനെ രണ്ടു നിയമങ്ങൾ അടുത്തകാലംവരെ തിരുവിതാംകൂറിൽ നടപ്പിലിരുന്നു. കൊച്ചി നിയമമനുസരിച്ച് ആ

---

1 The Cochin Panchayat Act 1089 M. E.

2 The Travancore Village Panchayat Act (Act VII of 1100)

3 The Travancore Village Union Act (Act IX of 1115)

സ്റ്റേററാകമാനം പഞ്ചായത്തുകൾ സംഘടിപ്പിച്ചിരുന്നു. തിരുവിതാംകൂറിൽ, പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ മാത്രമേ പഞ്ചായത്തോ, അല്ലെങ്കിൽ വില്ലേജ് യൂണിയനോ, സ്ഥാപിക്കപ്പെട്ടിരുന്നുള്ളു.

എന്നാൽ, ഈ മൂന്നാക്ടുകളിലും അധിഷ്ഠിതമായി സംഘടിപ്പിക്കപ്പെട്ടിരുന്ന സ്ഥാപനങ്ങൾ പലതരത്തിലും ശരിയായ പ്രജായത്ത സ്വഭാവമില്ലാത്തതും, അധികാര വികേന്ദ്രീകരണത്തിൻെറ പേരിൽ നാമമാത്രമായ അധികാരങ്ങൾ മാത്രം വിനിമയനം ചെയ്തിരുന്നതുമായ സ്ഥാപനങ്ങളായിരുന്നു. ഇവയിൽ അധികവും ആവശ്യമായ ധനാഗമമാർഗ്ഗങ്ങളില്ലാതിരുന്നതിനാലും, ലഭിക്കാവുന്ന മുതൽതന്നെ ശേഖരിക്കുന്നതിനുള്ള ഉപാധികളുടെ അഭാവം മൂലവും, കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു കെല്പില്ലാതെ വിഷമിക്കുകയായിരുന്നു.

## 3. പുതിയ പഞ്ചായത്തു നിയമം

സ്വാതന്ത്ര്യലബ്ധിയോടുകൂടി എല്ലാ സ്റ്റേററുകളിലും, പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, അവയെ യഥാർത്ഥ ഗ്രാമഗവർമ്മെൻറുകളാക്കിത്തീർക്കുന്നതിനുമുള്ള നടപടികൾ സമാരംഭിക്കപ്പെട്ടു. പഞ്ചായത്തുകൾക്കു കൂടുതൽ അധികാരങ്ങൾ നൽകി അവയെ ജനകീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടപ്പിലാക്കുന്നതിന് തിരുവിതാംകൂറും, കൊച്ചിയും, ഗവർമ്മെൻറുകൾ ആലോചിച്ചുകൊണ്ടിരുന്നപ്പോഴാണ് രണ്ടു സ്റ്റേററുകളുടേയും സംയോജനം നടപ്പിലായതു്. അതോടുകൂടി, പഞ്ചായത്തു നിയമങ്ങൾ ഏകീകരിച്ചു് ഒരു പുതിയ നിയമം നടപ്പി

ലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും 1950-ൽ തിരുവിതാംകൂർ-കൊച്ചിപഞ്ചായത്തുനിയമം[1] പാസ്സാക്കുകയും ചെയ്തു. 1951 ആഗസ്റ്റ് 15-ാംനു- മുതൽ ആ നിയമം നടപ്പിലായി. [2] അന്നുമുതൽക്ക് കൊച്ചി വില്ലേജ് പഞ്ചായത്താക്ട്ട്, തിരുവിതാംകൂർ വില്ലേജ് പഞ്ചായത്താക്ട്ട്, തിരുവിതാംകൂർ വില്ലേജ് യൂണിയൻ ആക്ട് എന്നീ നിയമങ്ങൾക്കധിഷ്ഠിതമായിരുന്ന സ്ഥാപനങ്ങൾ പുതിയ ആക്ടിന്നനുസരണമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. പുതിയ നിയമമനുസരിച്ചുള്ള തെരഞ്ഞെടുപ്പും, ബൈലാഭേദഗതികളും മററും പൂർത്തിയാക്കുന്നതുവരെ പ്രവർത്തനം സാദ്ധ്യമാക്കിത്തീർക്കുന്നതിനായി പഞ്ചായത്ത് ആക്ടിൽ 114-ാംവകുപ്പ് 3-ാം ഷെഡ്യൂൾ പാർട്ട് എ. ബി കളിലായി 9 വീതം വകുപ്പുകൾ കൊള്ളിച്ചിട്ടുണ്ട്.

പുതിയ നിയമം നടപ്പിലായതോടുകൂടി, മുൻസിപ്പലും, കാപ്പ്റേഷനും അതിർത്തികൾ ഒഴിച്ചുള്ളവിഭാഗം മുഴവനും പഞ്ചായത്തുകളുടെ പരിധിയിൽ കൊണ്ടുവരത്തക്കവണ്ണം ആക്ട് 3-ാംവകുപ്പ് 1-ാംഉപവകുപ്പുപ്രകാരം ഗവമ്മെൻറിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് 550 പഞ്ചായത്തുകളായി സ്റ്റേററിനെ വിഭജിച്ചിരിക്കുകയാണ്. [3] ഈ വിഭജനംമൂലം, നിലവിലുള്ള പഞ്ചായത്തുകളുടെ അതൃത്തികൾക്കും ഭേദഗതി വരുത്തേണ്ടതായി വന്നിട്ടുണ്ട്.

---

1 Act II of 1950

2 Notification R·Dis 9754/50/EHLSG/dated 8-8-1951

3 Notification No·LS 7-9755/50-EHLSG dated 11-6-51· D· Dis 12980/51/EHLSG dated 25-7-52 and No LS 8-17081/52/EHLSG dated 14-11-52

വിപുലമായ അധികാരങ്ങളാണു് നിയമംമൂലം പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ളതു്. പ്രായപൂർത്തിവോട്ടവകാശം, മുഴുവൻ തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർ, തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, എന്നീ അവകാശങ്ങൾ പഞ്ചായത്തുകൾക്കു പൂർണ്ണമായ പ്രജായത്തസ്വഭാവം നൽകുന്നുണ്ടു്. പ്രാദേശികമായ ഭരണകാര്യങ്ങളുടേയും, സ്ഥാപനങ്ങളുടേയും മേൽനോട്ടം അവയിൽ നിക്ഷിപ്തമായിട്ടുള്ളതു്, അധികാര വികേന്ദ്രീകരണത്തിൽ ഗവമ്മെന്റ് കാണിച്ചിട്ടുള്ള സന്മനോഭാവത്തിനുദാഹരണമാണു്. അതതു ഗ്രാമങ്ങളിലുള്ള പൊതുനിരത്തുകൾ, കുളങ്ങൾ, കിണറുകൾ മുതലായവയുടെനിർമ്മാണം, അവയുടെ കേടുപാടുതീർക്കൽ, പൊതുജനാരോഗ്യപരമായ പ്രവൎത്തനങ്ങൾ, പൊതുസ്ഥലങ്ങളിലും നിരത്തുകളിലും വിളക്കുവെപ്പു്, ശുദ്ധജലവിതരണം, പുറംപോക്കു സ്ഥലങ്ങളുടെ സംരക്ഷണം മുതലായി പ്രാധാന്യമർഹിക്കുന്ന പല ചുമതലകളും പഞ്ചായത്തുകളെ ഏല്പിച്ചിട്ടുണ്ടു്. കൂടാതെ, കുടിൽവ്യവസായപോഷണം, കാർഷികാഭിവൃദ്ധി, വയോജനവിദ്യാഭ്യാസം, ഗ്രന്ഥശാലകളുടേയും, വായനശാലകളുടേയും സ്ഥാപനം, ജനനമരണരജിസ്ട്രേഷൻ ശിശുസംരക്ഷണം, പ്രാഥമികവിദ്യാഭ്യാസം, ഉത്സവങ്ങളുടേയും കാഴ്ചച്ചന്തകളുടേയും* നിയന്ത്രണം തുടങ്ങി ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കും, സുരക്ഷിതാവസ്ഥയ്ക്കും ആവശ്യമായ സകല പ്രവൎത്തനങ്ങളിലും മുൻകൈ എടുത്തു പ്രവൎത്തിക്കുന്നതിനും പഞ്ചായത്തുകൾക്കധികാരമുണ്ടു്.

---

* Festivals and Fairs

മേൽപറഞ്ഞ പ്രവത്തനങ്ങൾക്കാവശ്യമായ ധനം സമ്പാദിക്കുന്നതിനും നിയമത്തിൽ വേണ്ട വ്യവസ്ഥകൾ അടങ്ങിയിരിക്കുന്നു.

## 4. പഞ്ചായത്തുകളുടെ ഘടന.

ഗവമ്മെൻറിൽനിന്നും താലൂക്കുകൾതോറും സംഘടിപ്പിച്ചിരുന്ന പഞ്ചായത്ത് അതൃത്തിനിണ്ണയക്കമ്മിററികളുടെ ശുപാർശ അനുസരിച്ചാണ് 550 പഞ്ചായത്തുകൾ സംഘടിപ്പിച്ചിട്ടുള്ളതു്. കൂടാതെ, അതൃത്തി, പേരു് മുതലായവ അവസാനമായി തീരുമാനിക്കുന്നതിനു മുൻപായി ഗസററ്പരസ്യംമൂലം പൊതുജനങ്ങളുടെ അതിന്മേലുള്ള ആക്ഷേപങ്ങൾ ക്ഷണിക്കുകയും ആ ആക്ഷേപങ്ങളിൽ തീരുമാനങ്ങൾ ചെയ്യുകയുമുണ്ടായിട്ടുണ്ടു്. വിസ്തീണ്ണം, ജനസംഖ്യ, സാമ്പത്തികഭദ്രത മുതലായി പല സംഗതികളേയും ആദരിച്ചാണ് അതൃത്തിനിണ്ണയം ചെയ്തിട്ടുള്ളതു്. ചില പഞ്ചായത്തുകളുടെ വിസ്തീണ്ണം, കൂടിയിട്ടുണ്ടെങ്കിൽ അതു് ആ സ്ഥലങ്ങളിലെ ജനാധിവാസം നിബിഡമല്ലാത്തതുകൊണ്ടാണ്. ഒന്നോ രണ്ടോ ചതുരശ്രമൈൽ മാത്രം വിസ്തീണ്ണമുള്ള പഞ്ചായത്തുകളുമുണ്ടു്. ജനങ്ങൾ തിങ്ങിപ്പാക്കുന്നതുമൂലമാണു പ്രസ്തുത പഞ്ചായത്തുകളുടെ അധികാരപരിധി പരിമിതപ്പെട്ടിട്ടുള്ളതു്. 1951-ലെ ജനസംഖ്യാക്കണക്കുകൾ എടുത്തു തുടങ്ങുന്നതിനു മുമ്പുതന്നെ പഞ്ചായത്തുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതുമൂലം 1941-ലെ ജനസംഖ്യക്കണക്കുകളാണ്

ആയതിലേക്ക് ഉപോൽബലകമായി സ്വീകരിച്ചിട്ടുള്ളതു്. പഞ്ചായത്തുകളിലെ ജനസംഖ്യ കഴിയുന്നതും 20,000-ൽ കൂടാതിരിക്കുന്നതിനും, 8000-ൽ കുറയാതിരിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ടു്. പഞ്ചായത്തു രൂപീകരണത്തിൽ റവന്യൂയൂണിറവുകളുടെ ഭദ്രതയ്ക്കു ദൂഷ്യം വരാതിരിക്കുന്നതിനും വളരെ ശ്രദ്ധിച്ചുകാണുന്നു. ഭരണം കൂട്ടതൽ കാര്യക്ഷമമാകുന്നതിന് ഇതു സഹായകമാണ്.

പഞ്ചായത്തുകളുടെ പേര്, അധികാരപരിധി, തലസ്ഥാനം, അനുവദിച്ചിട്ടുള്ള മെമ്പറന്മാരുടെ എണ്ണം എന്നീ വിവരങ്ങൾ ഒന്നാം അനുബന്ധമായി ഇതിൽ കൊടുത്തിട്ടുണ്ടു്. രണ്ടാം അനുബന്ധം, ഓരോ താലൂക്കിലും ഉള്ള പഞ്ചായത്തുകളുടെ എണ്ണം, റവന്യൂ പകുതികളുടെ എണ്ണം, വിസ്തീർണ്ണം, ജനസംഖ്യ മുതലായ കണക്കുകളാണ്.

തൃശ്ശൂർ ഡിസ്ട്രിക്ടിൽ കുമ്പളങ്ങി, കോട്ടയം ഡിസ്ട്രിക്ടിൽ പാറത്തോട്, കാഞ്ഞിരപ്പള്ളി, തീക്കോയി, പൂഞ്ഞാർ, തലപ്പലം, കൊല്ലം ഡിസ്ട്രിക്ടിൽ വയലാർ, കൊക്കോതമംഗലം, ചേത്തല തെക്ക്, ചേത്തല ടൗൺ തണ്ണീർമുക്കം, വയലാർ, തിരുവനന്തപുരം ഡിസ്ട്രിക്ടിൽ തിരുവിതാംകോട്, കോതനല്ലൂർ, എന്നീ പതിമൂന്നു പഞ്ചായത്തുകളുടെ ഘടന പൂർത്തിയായിട്ടില്ല. അവയുടെ അധികാരപരിധി, മെമ്പറന്മാരുടെ എണ്ണം മുതലായവയിൽ ചില വ്യത്യാസങ്ങൾ വരുന്നതാണ്.

തൃശ്ശൂർ ഡിസ്ട്രിക്ടിലെ കുമ്പളങ്ങി, കോട്ടയം ഡിസ്ട്രിക്ടിലെ തലപ്പലം എന്നീ പഞ്ചായത്തുകളെ വിഭജിച്ചു്

ചെല്ലാനം, കുമ്പളങ്ങി, മേലുകാവ്, തലപ്പലം എന്നു നാലു പഞ്ചായത്തുകൾ രൂപീകരിക്കുന്നതാണു്.

ചേർത്തല മുനിസിപ്പാലിററിയുടെ ആവിർഭാവത്തോടുകൂടിയാണു് ചേർത്തല താലൂക്കിലെ ആറു് പഞ്ചായത്തുകളിലെ ഘടനയിൽ ഭേദഗതി ആവശ്യമായിവരുന്നതു്.

രണ്ടു പഞ്ചായത്തുകളുടെ വിഭജനത്തോടുകൂടി പഞ്ചായത്തുകളുടെ എണ്ണം 552 ആയി വർദ്ധിക്കുന്നതാണു്. എന്നാൽ, ചേർത്തലത്താലൂക്കിലെ ആറു പഞ്ചായത്തുകളുടെ ഘടനയിൽ വരുത്തുന്ന വ്യത്യാസംമൂലം അവയുടെ എണ്ണം നാലായി കുറയും. അങ്ങനെ, പഞ്ചായത്തുകൾ 550 തന്നെ ആയിരിക്കും.

ദേവികുളം താലൂക്കിൽ കണ്ണൻദേവൻപകുതിയിൽ മാത്രമേ പഞ്ചായത്തുകൾ സംഘടിപ്പിക്കാതുള്ളു.

പഞ്ചായത്തതൃത്തികൾ ഇപ്പോൾ ക്ലിപ്തപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവത്തനം തുടങ്ങുമ്പോൾ മാത്രമേ അതിൽ എന്തെങ്കിലും വൈകല്യങ്ങൾ ഉള്ളതു് പ്രത്യക്ഷത്തിൽ കാണുകയുള്ളു. അതിനാൽ ഭാവിയിൽ വ്യത്യാസങ്ങൾ വരുത്തേണ്ടുന്നപക്ഷം അതിനാവശ്യമായ വ്യവസ്ഥകളും ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. 3-ാം വകുപ്പു് ഈ മാററം സാദ്ധ്യമാക്കിത്തീക്കുന്നു.

ഓരോ പഞ്ചായത്തിലേയും മെമ്പറന്മാരുടെ സംഖ്യ എത്രയെന്നു ഗവമെൻറു് തീരുമാനിച്ചിട്ടുണ്ടു്*. ഈ തീരുമാനം അതതുപഞ്ചായത്തിലെ ജനസംഖ്യയെ ആസ്പ

* Vide Notifications L S–7/9755/50 EHLSG dated 20–9–1951, D. Dis 12980/51/EHLSG dated 25–7–52 and L. Dis 18971/52/EHLSG dated 26-12-52.

ദമാക്കിയാണു ചെയ്തിട്ടുള്ളത്. 1941-ലെ ജനസംഖ്യക്കണക്കുകളാണ് ഇതിലേയ്ക്കു സ്വീകരിച്ചിട്ടുള്ളത് എന്ന് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. പതിനായിരം ജനസംഖ്യയ്ക്ക് ഏഴു മെമ്പറന്മാരും, ബാക്കിയുള്ള ഓരോ രണ്ടായിരത്തിനും, ഓരോ മെമ്പറന്മാർ വീതവുമാണ് അനുവദിച്ചിട്ടുള്ളതു്. എന്നാൽ പതിനഞ്ചു മെമ്പറന്മാരിൽ കൂടുതൽ ഒരു പഞ്ചായത്തിനും അനുവദനീയമല്ല. ആക്റ്റ് ആറാം വകുപ്പിലും പഞ്ചായത്തുരൂൾ നാലാം വകുപ്പിലും ഇതേപ്പററിയുള്ള വിവരങ്ങൾ അടങ്ങിയിട്ടുണ്ടു്.

ഇന്നത്തെ ജനസംഖ്യക്കണക്കുകൾ നോക്കുന്നപക്ഷം പല പഞ്ചായത്തുകൾക്കും പത്തിനുമുകളിൽ മെമ്പറന്മാൎക്കവകാശമുണ്ടെങ്കിലും മിക്കതിലും ഏഴു മെമ്പറന്മാരാണുള്ളതു്. പത്തിൽ കൂടുതൽ മെമ്പറന്മാരുള്ളതു് അൻപത്തിനാലു പഞ്ചായത്തുകളിൽ മാത്രമാണ്. മൂന്നു പഞ്ചായത്തുകളിലേ പതിനഞ്ചു മെമ്പറന്മാരുള്ളൂ.

ഇൻഡ്യൻ ഭരണഘടനയിൽ പട്ടികജാതിക്കാൎക്കും പട്ടികവൎഗ്ഗക്കാൎക്കും പത്തുകൊല്ലത്തേയ്ക്കു് സംവരണം അനുവദിച്ചിട്ടുണ്ടു്. തദനുസരണം, പഞ്ചായത്തുകളിലും സംവരണത്തിനു വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ഒരു പഞ്ചായത്തിലെ വോട്ടറന്മാരിൽ അഞ്ചുശതമാനത്തിൽ കുറയാതെ ആളുകൾ പട്ടികജാതിക്കാരും പട്ടികവൎഗ്ഗക്കാരും ആണെന്നുള്ളപക്ഷം ഒരുസീററ് അവൎക്കായി സംവരണം ചെയ്യേണ്ടതാണെന്നാണ് ആക്റ്റ് 7-ാം വകുപ്പ് 2-ാം ഉപവകുപ്പിലെ നിർദ്ദേശം. ഈ വ്യവസ്ഥ ആദ്യത്തെ തെരഞ്ഞെടുപ്പു കഴിഞ്ഞു് ഒൻപതുകൊല്ലക്കാലത്തേക്കോ, അല്ലാത്തപക്ഷം അന്നു നിലവിലുള്ള പഞ്ചാ

യത്തു കൗൺസിലുകളുടെ കാലാവധി അവസാനിക്കുന്നതു വരേയോ നിലവിലിരിക്കുന്നതാണ്. സംവരണ വ്യവസ്ഥ, സംവരണം ചെയ്യാത്ത സ്ഥാനങ്ങളിൽ പട്ടികജാതിക്കാരും വർഗ്ഗക്കാരും സ്ഥാനാർത്ഥികളായി നിന്ന് മത്സരിക്കുന്നതിന് ബാധകമാകുന്നതല്ല. പട്ടികജാതിക്കാരും വർഗ്ഗക്കാരും ആരെല്ലാമാണെന്ന് ആക്റ്റ് 7-ാം വകുപ്പ് 5-ാം ഉപവകുപ്പനുസരിച്ച് ഗവമ്മെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. * ആ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

**പട്ടികജാതിക്കാർ**

1. അയ്യനവർ.
2. ഭരതർ.
3. ചക്കിലിയൻ
4. ഡോംബൻ.
5. ഇരവാളൻ.
6. കാക്കാലൻ.
7. കണക്കൻ.
8. കാവര.
9. ക്രൂടൻ.
10. കുറവൻ.
11. മണ്ണാൻ.
12. നായാടി.
13. പടന്നാൻ.
14. പല്ലൻ.
15. പള്ളുവൻ.
16. പാണൻ.
17. പരവൻ.
18. പറയൻ (സാംബവൻ)
19. പതിയാൻ
20. പെരുമണ്ണാൻ
21. പുലയൻ
22. തണ്ടാൻ
23. ഉള്ളാടൻ
24. ഊരാളി.

---

* 1952 ആഗസ്റ്റ് 26-ാംതീയതിയിലെ ഗവമ്മെൻറ് നോട്ടിഫിക്കേഷൻ നമ്പർ L.S. 8/9779/52 EHLSG നോക്കുക.

25. വള്ളോൻ
26. വള്ളുവൻ
27. വണ്ണാൻ
28. വേലൻ
29. വേടൻ
30. വെട്ടുവൻ

**പട്ടികവർഗ്ഗക്കാർ.**

1 മലപ്പുലയൻ
2. കാടൻ
3 കാണിക്കാരൻ
4 കൊച്ചുവേലൻ
5 മല അരയൻ
6 മലമ്പണ്ടാരം
7 മലവേടൻ
8 മലയൻ
9 മലയരയാൻ
10 മണ്ണാൻ
11 മുതുവൻ
12 പല്ലയൻ
13 പള്ളിയാൻ
14 ഉള്ളാടൻ (മലയിൽ താമസിക്കുവർ)
15 ഊരാളി
16. വിഷവൻ

## 5. പഞ്ചായത്തുകളുടെ ചുമതലകളും അധികാരങ്ങളും.

പഞ്ചായത്തുകളിൽ വലുതായ ചുമതലകളും അധികാരങ്ങളുമാണ് നിയമംമൂലം നിക്ഷിപ്തമായിട്ടുള്ളത്. ഇവ ഈ സ്ഥാപനങ്ങളുടെ പ്രയോജനത്തേയും കാര്യക്ഷമതയേയും കാര്യമായി വർദ്ധിപ്പിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല. ഗ്രാമങ്ങളുടെ സാമ്പത്തികവും, ആരോഗ്യപരവും, സാമൂഹ്യവുമായ അഭ്യുന്നതിക്കുതകത്തക്ക പലവിധപ്രവത്തനങ്ങളിലും ഏർപ്പെടുന്നതിന് ഓരോ പഞ്ചായത്തിനും നിയമം അധികാരം നൽകുന്നു.

ആക്ടിലെ 43 മുതൽ 51 വരെ വകുപ്പുകൾ പഞ്ചായത്തുകളുടെ ചുമതലകളേയും അധികാരങ്ങളേയും പററി വിവരിക്കുന്നു.

നിയന്ത്രണത്തിന്നധീനമായുള്ള ഫണ്ടിൻെറ പരിധികൾക്കുള്ളിൽ ചട്ടങ്ങൾക്കു വിധേയമായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് ചുമതലയുണ്ട്.

1. പൊതുമരാമത്ത് ഡിപ്പാർട്ടുമെൻറിൻെറ അധികാരപരിധിയിൽ പെടാത്തതായ റോഡുകൾ, ഇടവഴികൾ, തോടുകൾ, പാലങ്ങൾ, കലുങ്കുകൾ, മുട്ടുകൾ, നടവരമ്പുകൾ മുതലായവ പണിയുകയും, അററകുററങ്ങൾ തീർക്കുകയും, സംരക്ഷിക്കുകയും ചെയ്യുക.

2. കാലിമേച്ചിൽ സ്ഥലങ്ങളും മററു പൊതുപുറംപോക്കു സ്ഥലങ്ങളും സംരക്ഷിക്കുക.

3. ചെറുതരം ജലസേചന പണികൾ നിർവ്വഹിക്കുക.

4. കുടിക്കുവാനും, കുളിക്കുവാനും ഉള്ള കിണറുകൾ, ചിറകൾ, കുളങ്ങൾ മുതലായവ കുഴിപ്പിക്കുകയും അവയുടെ കേടുപാടുകൾ തീർക്കുകയും ചെയ്യുക.

5. പൊതു നിരത്തുകളിലും, പൊതുസ്ഥലങ്ങളിലും വിളക്കുകൾ വെയ്ക്കുക.

6. ഓവുകൾ ഉണ്ടാക്കുകയും, ഓവുവെള്ളവും, മലിനജലവും വിട്ടൊഴിയ്ക്കുകയും ചെയ്യുക.

7. തെരുവീഥികൾ, ചവറുകളും കാടുകളും മററും

കളഞ്ഞു് വെടിപ്പാക്കുകയും പഞ്ചായത്തു പ്രദേശത്തെ സുഖസ്ഥിതി മററു വിധത്തിൽ വൎദ്ധിപ്പിക്കുകയും ചെയ്യുക.

8. പൊതു കക്കൂസുകൾ ഏർപ്പെടുത്തുകയും, പൊതുവായോ, കുടിവകയായോ ഉള്ള കക്കൂസുകൾ വെടിപ്പാക്കുന്നതിനു് ഏർപ്പാടുചെയ്യുകയും ചെയ്യുക.

9. ശവം അടക്കുന്നതിനും, ദഹിപ്പിക്കുന്നതിനുമുള്ള ശ്മശാനങ്ങൾ ഉണ്ടാക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യുക.

10. സാംക്രമികരോഗങ്ങൾ തടയുന്നതിനെ സംബന്ധിച്ചു് പഞ്ചായത്തുകൾ കൈക്കൊള്ളേണ്ടതാണെന്നു ഗവമ്മെൻറു് ഉത്തരവാകുന്ന നിരോധനവും പരിഹാരപരവുമായ ഉപായങ്ങൾ പ്രയോഗത്തിൽ വരുത്തുക.

ഈ സർവ്വപ്രധാനമായ ചുമതലകൾ കൂടാതെ താഴെ പ്പറയുന്ന കാര്യങ്ങൾക്കു വ്യവസ്ഥചെയ്യുന്നതിനു് പഞ്ചായത്തുകൾക്കധികാരമുണ്ടു്.

1. തോപ്പുകളും, റോഡിൻെറ അരികുകളിൽ വൃക്ഷങ്ങളും വെച്ചു പിടിപ്പിക്കുകയും അവയെ സൂക്ഷിക്കുകയും ചെയ്യുക.

2. പൊതു ചന്തകൾ തുറക്കുകയും, സംരക്ഷിക്കുകയും ചെയ്യുക.

3. കാഴ്ച ചന്തകളും, ഉത്സവങ്ങളും നിയന്ത്രിക്കുക.

4. ദുസ്സഹവും, ആപൽക്കരവുമായ വ്യാപാരങ്ങളെ നിന്ത്രിക്കുക.

5. കന്നുകാലിപൗണ്ടുകൾ നിയന്ത്രിക്കുക.

6. പൊതുകടവുകളും, വിശ്രമസ്ഥലങ്ങളും, വണ്ടിത്താവളങ്ങളും, കന്നുകാലിത്തൊഴുത്തുകളും ഉണ്ടാക്കി സൂക്ഷിക്കുക.

7. പൊതുകശാപ്പുപുരകൾ തുറക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

8. ജനനമരണങ്ങളും വിവാഹങ്ങളും രജിസ്റ്റർ ചെയ്യുക.

9. വിത്തുകാളകളെ വളർത്തിയും, കന്നുകാലിമരണത്തെ തടഞ്ഞും, കൃഷിക്കും, കൃഷിക്കുള്ള കന്നുകാലികൾക്കും അഭിവൃദ്ധി വരുത്തുക.

10. കുടിൽവ്യവസായപോഷണം, വിതരണം, വിപണനം എന്നീ മാർഗ്ഗങ്ങളിൽ സഹകരണപ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.

11. പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കുക.

12. അഗതികൾക്കും, രോഗികൾക്കും ആശ്വാസം നൽകുക.

13. വായനശാലകളും, ഗ്രന്ഥശാലകളും സ്ഥാപിച്ചു സംരക്ഷിക്കുക.

14. വിശ്രമസ്ഥലങ്ങളും, സത്രങ്ങളും, മററുസ്ഥാപനങ്ങളും നിയന്ത്രിക്കുക.

15. ജനസമൂഹത്തിനായുള്ള റേഡിയോസർവ്വീസുകൾ ഏർപ്പെടുത്തുക.

16. കൃഷിപ്രദർശനതോട്ടങ്ങളും, വിത്തുസംഭരണശാലകളും, കാർഷികോപകരണങ്ങളും വളങ്ങളും വില്ക്കുന്ന ഡിപ്പോകളും, സംരക്ഷിക്കുക.

17. വർദ്ധമാനമായ ഭക്ഷ്യോൽപാദനപദ്ധതികൾ നടപ്പിലാക്കുക.

18. വൈദ്യസഹായം, സൂതികാസേവനം മുതലായവ നൽകുക.

ഇവകൂടാതെ പഞ്ചായത്തുനിവാസികളുടെ രക്ഷയോ, ആരോഗ്യമോ, സുഖമോ, സൗകര്യമോ അഭിവൃദ്ധിപ്പെടുത്തുന്നതിനുതകുന്ന എല്ലാ പ്രവർത്തനങ്ങളിലും, പ്രത്യേകിച്ചു്, താഴെപറയുന്ന കാര്യങ്ങളിൽ വേണ്ടതുചെയ്യുന്നതിന് പഞ്ചായത്തുകൾക്കധികാരമുണ്ടു്.

1. കെട്ടിടങ്ങളിലും, പൊതുനിരത്തുകളിലും, പൊതുസ്ഥലങ്ങളിലും വിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ വൈദ്യുതശക്തിയോ, ഗ്യാസോ വിലയ്ക്കുവാങ്ങുകയോ, ഉൽപാദിപ്പിക്കുകയോ ചെയ്യുക.

2. ആപല്ക്കരമായ സ്ഥലങ്ങളോ, കെട്ടിടങ്ങളോ നീക്കംചെയ്യുകയോ, നശിപ്പിക്കുകയോ ചെയ്യുകയും തൊഴിലുകൾ മുതലായവ നിയന്ത്രിക്കുകയും ചെയ്യുക.

3. തീപിടുത്തങ്ങൾ ശമിപ്പിക്കുക.

4. ഗതാഗതം നിയന്ത്രിക്കുക.

5. ക്ഷാമം, സാംക്രമികരോഗം, മുതലായവയിൽ നിന്നും പൊതുജനങ്ങളെ രക്ഷിക്കുന്നതിനായി ദുരിതനിവാരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും, ആതുരാലയങ്ങൾ, അനാഥമന്ദിരങ്ങൾ മുതലായവ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

6. സ്വന്തമായോ, മററു പ്രാദേശികാധികാരങ്ങളുമായി യോജിച്ചോ, ആശുപത്രികൾ സ്ഥാപിച്ചുനടത്തു

ക, ഗവൺമെൻറ് സ്ഥാപിക്കുന്ന ആശുപത്രികൾക്ക് ധന സഹായംചെയ്യുക, ഡാക്ടറന്മാർ, നർസുകൾ, സൂതികർമ്മിണികൾ, സാനിട്ടറി ഇൻസ്പെക്ടറന്മാർ മുതലായവക്ക് പരശീലനങ്ങൾ നൽകുന്നതിനുള്ള ഏപ്പാടുകൾ ചെയ്യുക.

7. ഭ്രാന്താശുപത്രികൾ സ്ഥാപിച്ചു സംരക്ഷിക്കുക.

8. പഞ്ചായത്തുപ്രദേശത്തെ ജനസംഖ്യ കണക്കെടുക്കുക.

10. വ്യവസായശാലകളും മററും സ്ഥാപിക്കുന്നതിന് പ്രത്യേകസ്ഥലങ്ങൾ ഉണ്ടാക്കിക്കൊടുക്കുക.

11. ആളുകൾ തിങ്ങിപാർപ്പുള്ള സ്ഥലങ്ങൾ കൈവശപ്പെടുത്തുകയും പുതിയ കുടിപാപ്പുസ്ഥലങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക.

12. ആവശ്യമായ ഭൂമി കൈവശപ്പെടുത്തി അവ വിഭജിച്ച് കുടിയാന്മാക്കായി നൽകുക.

13. കെട്ടിടങ്ങൾ കെട്ടുന്നതിനും റോഡുകൾ വീതി കൂട്ടുന്നതിനും സ്ഥലങ്ങൾ കൈവശപ്പെടുത്തുക.

14. സഹകരണാടിസ്ഥാനത്തിൽ ഭവനനിമ്മാണ പദ്ധതികൾ രൂപീകരിക്കുക.

15. പൊതുജനങ്ങളുടെ മാനസികവും, സാംസ്കാരികവും, ആരോഗ്യപരവുമായ അഭിവൃദ്ധിയെലാക്കാക്കി പ്രവത്തിക്കത്തക്കവിധത്തിൽ പള്ളിക്കൂടങ്ങൾ, ആർട്ട് ഗ്യാലറികൾ, മ്യൂസ്യങ്ങൾ, കളരികൾ, പബ്ലിക് ഹാളുകൾ, തിയേററുകൾ മുതലായവ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

16. നിലവിലുള്ള ചട്ടങ്ങൾക്കു വിധേയമായി റെയിൽവെ ഒഴിച്ചുള്ള ട്രാൻസ്പോർട്ട് സവീസുകൾ നടത്തുക.

17. കാർഷികമായും,വ്യാവസായികമായുംഉള്ള അഭിവൃദ്ധിയെലാക്കാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തനിയേയോ അല്ലെങ്കിൽ മററാരെങ്കിലുമായി യോജിച്ചോ നടത്തുക.

18. മൃഗസംരക്ഷണാലയങ്ങൾ സ്ഥാപിക്കുകയും മൃഗങ്ങളോട്ട് ക്രൂരമായിപെരുമാറുന്നതിനെ തടയുകയും ചെയ്യുക.

19. പ്രദർശനങ്ങൾ നടത്തുക.

20. പബ്ലിക് ക്ലാക്കുകൾ മണിഗോപുരങ്ങൾ മുതലായവസ്ഥാപിക്കുക.

21. ശിശുസംരക്ഷണകേന്ദ്രങ്ങൾ നടത്തുക.

22. ആരോഗ്യസംഘടനകൾ സ്ഥാപിക്കുക

23. വയോജന വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഏർപ്പെടുക.

24. ബാലന്മാരെ പുകവലി മുതലായ ദൂഷ്യസ്വഭാവങ്ങളിൽനിന്നും വ്യതിചലിപ്പിക്കുന്നതിനും കുട്ടികളോട്ട് ക്രൂരമായി പെരുമാറുന്നതിനെ തടയുന്നതിനും മററുമായി സമാജങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.

ഇവയ്ക്കുമുപരിയായി, പൊതുവായോ, പ്രത്യേകമായോ, ഒരു ഉത്തരവുമൂലം ഗവമ്മെൻറിന് പഞ്ചായത്തുകളെ വല്ല അധികാരവും വിനിയോഗിക്കുന്നതിനോ, വല്ല ജോലിയും നിർവ്വഹിക്കുന്നതിനോ ചുമതലപ്പെടുത്താം.

ജലസേചന നിയമപ്രകാരം സംഘടിപ്പിച്ചിട്ടുള്ള ജലസേചനസമിതിയുടെ * അധികാരങ്ങൾ വിനിയോഗി

---

* Irrigation Board constituted under the Irrigation Act.

ക്കുന്നതിനും, ജോലികൾ നിർവ്വഹിക്കുന്നതിനും ഏതെങ്കിലും പഞ്ചായത്തിനെ ഗവമ്മെൻറിന് അധികാരപ്പെടുത്താം.

അതുപോലെതന്നെ ഏതെങ്കിലും വ്യക്തിക്കോ, പ്രാദേശികാധികാരത്തിനോ, ഗവമ്മെൻറിനോ, ഉഭയസമ്മതത്തോടുകൂടി പഞ്ചായത്തുപ്രദേശത്തുള്ള ഏതെങ്കിലും സ്ഥാപനത്തിൻെറ ഭരണമോ, വല്ല പണിയുടേയും നടത്തിപ്പോ, സംരക്ഷണമോ, അല്ലെങ്കിൽ വല്ല കർത്തവ്യത്തിൻെറയും നിർവ്വഹണമോ, പഞ്ചായത്തിനെ ഏൽപ്പിക്കാം.

ഗവമ്മെൻറനുവാദത്തോടുകൂടി ഏതെങ്കിലും ട്രസ്റ്റ് അതുദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനായി സ്വീകരിക്കുവാൻ പഞ്ചായത്തിനവകാശമുണ്ട്.

പൊതുമരാമത്തുഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിലല്ലാത്ത സകല പൊതുനിരത്തുകളുടേയും അവയോടുചേർന്നുള്ള സകലത്തിൻേറയും നിയന്ത്രണവും, ഭരണവും, പഞ്ചായത്തിൻെറ ചുമതലയിലായിരിക്കുന്നതാണ്.

ഒരു വലിയ ജലസേചനപണിയോട് അനുബന്ധിച്ചിട്ടില്ലാത്തതും, ഗവമ്മെൻറു ഫണ്ടുകൊണ്ട് പണിതു പരിപാലിച്ചുപോരുന്നതുമായ കുളങ്ങളും, കിണറുകളും, പഞ്ചായത്തിൻെറ നിയന്ത്രണത്തിനു വിധേയമായിരിക്കുന്നതാണ്. തീർത്ഥാടനസ്ഥലങ്ങൾ, ധാരാളം ജനങ്ങളെ ആകർഷിക്കുന്ന കാഴ്ചചന്തകൾ, ഉത്സവസങ്കേതങ്ങൾ മുതലായ സ്ഥലങ്ങളിൽ, പൊതുജനങ്ങളുടെ ആരോഗ്യത്തിനും, രക്ഷയ്ക്കും, ആവശ്യമായ സകല നടപടികളും ചെയ്യുന്നതിന് പഞ്ചായത്തിനുബാദ്ധ്യതയുണ്ട്.

പൊതുനിരത്തുകളിൽ പ്രതിബന്ധമുണ്ടാക്കുക, പൊതുഭൂമി കൈയേററം ചെയ്യുക, ഓടയുടേയോ ഓവിൻേറയൊ മീതെ കെട്ടിടങ്ങൾ പണിയുക, വൃക്ഷങ്ങൾ മുറിക്കുകയോ, അവയ്ക്കു കേടുവരുത്തുകയോ ചെയ്യുക മുതലായവ തടയുന്നതിനും പഞ്ചായത്തുകൾക്കധികാരമുണ്ട്.

ശരിയായി സംരക്ഷിക്കപ്പെടാത്ത കിണറുകൾ, കുഴികൾ, കുളങ്ങൾ, അണകൾ മുതലായവ പൊതുജനങ്ങൾക്ക് ആപല്ക്കരമാണെന്നു തോന്നുന്നപക്ഷം അവയെ നികത്തുന്നതിനൊ, നന്നാക്കുന്നതിനൊ പഞ്ചായത്തിന് ഉടമസ്ഥരോടാവശ്യപ്പെടാവുന്നതാണ്. അങ്ങനെ ചെയ്യാത്തപക്ഷം അതു പഞ്ചായത്തിൽനിന്നും ചെയ്യിച്ച് വേണ്ടിവരുന്ന ചെലവ് അവരിൽനിന്നും ഈടാക്കാം.

പൊതുനിരത്തുകളിലും, ജലമാർഗ്ഗങ്ങളിലും ഗതാഗതത്തിനു വിഘ്നമുണ്ടാക്കത്തക്കവിധത്തിലുള്ള സകല വൃക്ഷങ്ങളും മററും പഞ്ചായത്തിനു നീക്കം ചെയ്യാം.

പഞ്ചായത്തു പ്രദേശത്തുള്ള സകല പൊതു ചന്തകളും പഞ്ചായത്തിൻേറ നിയന്ത്രണത്തിലും ഭരണത്തിലും ഇരിക്കുന്നതാണ്. ചന്തകളിൽ കരവും, ഫീസും മററും ചുമത്താവുന്നതാണ്. സ്വകാര്യചന്തകൾ സ്ഥാപിക്കുന്നതു്, പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയതിനു ശേഷമേ പാടുള്ളു.

പൊതുകടവുകളും, വിശ്രമസ്ഥലങ്ങളും, വണ്ടിപ്പേട്ടകളും ഉണ്ടാക്കുന്നതിനും, അവയുടെ ഉപയോഗത്തിന് വരി ചുമത്തുന്നതിനും പഞ്ചായത്തിന് അധികാരമുണ്ട്. സ്വകാര്യ വണ്ടിപ്പേട്ടകൾ തുറക്കുന്നതിനുള്ള അനുമതി പഞ്ചായത്തിൽനിന്നും വാങ്ങിയിരിക്കേണ്ടതാണ്.

പൊതുകശാപ്പുശാലകളായിഉപയോഗിക്കുന്നതിനു പഞ്ചായത്തുകൾക്ക് സ്ഥലങ്ങളും കെട്ടിടങ്ങളും ഉണ്ടാക്കാവുന്നതും, അവയ്ക്കു് വാടകയും, വരിയും ഈടാക്കാവുന്നതുമാണ്. പഞ്ചായത്തിന് യുക്തമെന്നു തോന്നാവുന്ന നിബന്ധനകളും, വ്യവസ്ഥകളുംപ്രകാരം 'ഒരവസരത്തിൽ മൂന്നുകൊല്ലത്തിൽ കവിയാത്ത വല്ല കാലത്തേക്കും അപ്രകാരമുള്ള വാടകകളും വരിയും പിരിക്കുന്നതിനുള്ള അവകാശം കുത്തകയായി കൊടുക്കാവുന്നതുമാണ്. വ്യക്തികൾക്ക് കശാപ്പുശാലകൾ നടത്തുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകാം. അപ്രകാരം അനുമതി ലഭിച്ചിട്ടുള്ളതോ, പൊതുവകയോ ആയ കശാപ്പുശാലകളിൽ വെച്ചല്ലാതെ ഭക്ഷ്യപദാർത്ഥമായി വില്ക്കുന്നതിന് ജന്തുക്കളെ കൊല്ലുവാൻ പാടില്ലാത്തതാകുന്നു.

പൊതുജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ, വസ്തുവിനോ അപായകരമാകാനിടയുള്ള വല്ല കാര്യങ്ങൾക്കും വേണ്ടി പഞ്ചായത്തിൻെറ അനുമതി കൂടാതെ യാതൊരു സ്ഥലവും ഉപയോഗിക്കാൻപാടില്ല എന്ന് പഞ്ചായത്തിന് നിർദ്ദേശിക്കാം.

പഞ്ചായത്തു പരിധികളിലും തിരുവിതാംകൂർ-കൊച്ചി പബ്ലിക്ക്റിസോർട്ട് ആക്ട് [1] നടപ്പിൽ വരുത്തിയിട്ടുണ്ട് [2]. അതനുസരിച്ച്, പഞ്ചായത്തിൻെറ പ്രത്യേ

---

1 The Travancore–Cochin Places of Public Resort Act - Act VIII of 1951

2 Vide Govt. Notification No. L. S. 2740/52/EHSLG dated 2–6–52

ക അനുമതികൂടാതെ അഞ്ഞൂറു ചതുരശ്ര അടിയോ അതിൽ കൂടുതലോ ഉള്ളതും അടച്ചുകെട്ടിയിട്ടുള്ളതുമായ ഒരു സ്ഥലമോ, കെട്ടിടമോ, ഒരു പൊതുസങ്കേതമായോ, പൊതു വിനോദസ്ഥലമായോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

പഞ്ചായത്തു പ്രദേശത്തുള്ള ചന്തകളിലും പീടികകളിലും, ഉപയോഗിക്കുന്ന തൂക്കങ്ങളും അളവുകളും പരിശോധിക്കുന്നതിനുള്ള അധികാരം പഞ്ചായത്തു ഭരണാധികാരസ്ഥനുണ്ട്.

പഞ്ചായത്തുകളെ ഭാരമേല്പിച്ചിട്ടുള്ള ചുമതലകൾ ശരിയാംവണ്ണം നിർവ്വഹിക്കുന്നതിനും, അധികാരങ്ങൾ ന്യായമായ രീതിയിൽവിനിയോഗിക്കുന്നതിനും സഹായകമാകത്തക്ക രക്ഷാവ്യവസ്ഥകൾ ആക്ടിലും റൂളുകളിലും അടങ്ങിയിരിക്കുന്നു. ആക്ടിൽ വ്യവസ്ഥചെയ്തിട്ടുള്ള ഏതെങ്കിലും കാര്യങ്ങളുടെ നിർവ്വഹണത്തിന് വേണ്ട അന്വേഷണമോ, പരിശോധനയോ, പരീക്ഷണമോ മററാ നടത്തുന്നതിന് ഏതെങ്കിലും സ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള അധികാരം പഞ്ചായത്തു ഭരണാധികാരസ്ഥനുണ്ട്. നിയമാനുസൃതമായ അധികാരം വിനിയോഗിച്ച് ഏതെങ്കിലും സ്ഥലത്തോ, കെട്ടിടത്തിലോ, ഭൂമിയിലോ പ്രവേശിക്കുന്നതിനെ യാതൊരാളും തടയാൻ പാടില്ല. അപ്രകാരം ചെയ്യുന്നത് ശിക്ഷാനിയമമനുസരിച്ചുള്ള ഒരു കുററമായി ഗണിക്കുന്നതാണ്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ പ്രവർത്തിക്കുമ്പോഴോ അഥവാ പ്രസ്തുത നിർവ്വഹണം ഉദ്ദേശിച്ചു പ്രവർത്തിക്കുമ്പോഴോ ചെയ്തതായി പറയുന്ന ഏതെങ്കിലും കുററം, പ്രസിഡൻറിൻേറയോ,

ഏതെങ്കിലും അംഗത്തിൻെറയോ, ഭരണാധികാരസ്ഥൻെറയോ മേൽ ആരോപിച്ചാൽ, ഗവമ്മെൻറിൻെറ മുന്നനുവാദം കൂടാതെ യാതൊരു കോടതിയും ആയതു് വിചാരണയ്ക്കെടുക്കുവാൻ പാടില്ല. അതുപോലെതന്നെ ഒരു പഞ്ചായത്തിൻെറ ആജ്ഞയനുസരിച്ച്, ഉത്തമ വിശ്വാസത്തോടുകൂടി പ്രവൎത്തിക്കുന്ന അംഗത്തിൻെറയോ, ഉദ്യോഗസ്ഥൻെറയോ, ഏജൻറിൻെറയോ പേരിൽ സിവിലോ, ക്രിമിനലോ ആയ യാതൊരു വ്യവഹാരവും വഹിക്കത്തക്കതല്ല. പഞ്ചായത്തിനേയോ, പ്രസിഡൻറ്, അംഗം, ഭരണാധികാൎയ്യസ്ഥൻ, ജീവനക്കാരൻ അല്ലെങ്കിൽ കൺട്രക്റ്റർമാർ, ഇവരെയോ, അവരുടെ കൃത്യനിൎവ്വഹണത്തിൽ തടസ്ഥപ്പെടുത്തുകയോ, ഉപദ്രവിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളെ അൻപതു രൂപായിൽ കവിയാതെ പിഴയിട്ടു് ശിക്ഷിക്കാവുന്നതാണു്. പഞ്ചായത്തിൻെറ ഏതെങ്കിലും നോട്ടീസോ, അടയാളമോ, ചിഹ്നമോ മായ്ക്കുകയോ, നശിപ്പിക്കുകയോ, മാററുകയോ ചെയ്യുന്നവരേയും പിഴയിട്ടു് ശിക്ഷിക്കാവുന്നതാണു്. അതുപോലെ, നിയമപ്രകാരം ആവശ്യപ്പെട്ട വിവരം നൽകാതിരിക്കുകയോ, കളവായ വിവരം നൽകുകയോ ചെയ്യുന്നവരും, പിഴശിക്ഷയ്ക്കു് വിധേയരാകുന്നതാണു്.

ഏതൊരു പോലീസ് ഉദ്യോഗസ്ഥനും പഞ്ചായത്തു നിയമമോ നിബന്ധനകളോ അനുസരിച്ചു് എന്തെങ്കിലും കററം ആരെങ്കിലും ചെയ്തു എന്നോ, ചെയ്വാൻ ഉദ്ദേശിക്കുന്നു എന്നോ അറിവു ലഭിക്കുന്നപക്ഷം, ആയതു് പഞ്ചായത്തിനെ അറിയിക്കുവാൻ ബാദ്ധ്യസ്ഥനാണു്.

അതുപോലെതന്നെ, നിയമാനുസൃതമായ അധികാരവിനിയോഗത്തിൽ പഞ്ചായത്തു പ്രസിഡൻറിനേയോ, ഭരണാധികാരസ്ഥനേയോ, ഏതെങ്കിലും ഉദ്യോഗസ്ഥനേയോ സഹായിക്കുന്നതിനും പോലീസുദ്യോഗസ്ഥന്മാക്കു ചുമതലയുണ്ട്. പഞ്ചായത്താക്ടിൻപ്രകാരം തന്നിൽ ചുമത്തപ്പെട്ട ഏതെങ്കിലും കത്തവ്യം നിറവേററുവാൻ വീഴ്ചകാണിക്കുകയോ വിസമ്മതിക്കുകയോ, ചെയ്യുന്ന ഏതു് പോലീസുദ്യോഗസ്ഥനും തല്ക്കാലം ഊർജ്ജിതത്തിലിരിക്കുന്ന പോലീസ് ആക്ടിലെ വ്യവസ്ഥകളനുസരിച്ചുള്ള ഒരു കുററം ചെയ്തതായി ഗണിക്കപ്പെടുന്നതാണു്.

ആക്ടനുസരിച്ചുചെയ്യുന്ന ഏതെങ്കിലും കൃത്യം ഏതെങ്കിലും അക്ഷരപ്പിഴകാരണമായിട്ടോ, അല്ലെങ്കിൽ എന്തെങ്കിലും അബദ്ധം കാരണമായിട്ടോ ആക്ഷേപിക്കപ്പെട്ടുകൂടാത്തതും, യാതൊരു നടപടിയും അതിൻെറ രൂപത്തിലുള്ള ന്യൂനതമാത്രം ഹേതുവായി യാതൊരു നീതിന്യായക്കോടതിയും അസ്ഥിരപ്പെടുത്തുവാൻ പാടില്ലാത്തതും ആകുന്നു.

പഞ്ചായത്താക്ടിന്നനുസരണമായി നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ചട്ടം ലംഘിക്കുന്നവരിൽനിന്നും പിഴ ഈടാക്കുന്നതിന്നു് ആക്ടിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്.

ചില പ്രത്യേക കായ്യനിവ്വഹണങ്ങൾക്കായി പഞ്ചായത്തുകൾക്കു് ഉപചട്ടങ്ങൾ നിർമ്മിക്കുന്നതിന് അധികാരമുണ്ടു്. ഈ ഉപചട്ടങ്ങളുടെ ലംഘനത്തിനും പിഴശിക്ഷ നല്കാവുന്നതാണു്.

പഞ്ചായത്താക്ടിലെ ചില വ്യവസ്ഥകൾ ലംഘിക്കുന്നതിന് പ്രത്യേകശിക്ഷകൾ ആക്ടിൽതന്നെ നിദ്ദേശി

ച്ചിട്ടുണ്ട്. ഇതിനെപ്പററിയുള്ള പൂർണ്ണവിവരങ്ങൾ, ആക്ട് 104-ാംവകുപ്പിലും ഈ വകുപ്പനുസരിച്ചുള്ള 1-ം 2-ം പട്ടികകളിലും വിശദീകരിച്ചിരിക്കുന്നു.

അങ്ങിനെ, ഭാരമേറിയ ചുമതലകളും അധികാരങ്ങളും മാത്രമല്ല, ആ ചുമതലകൾ കാര്യക്ഷമമായി നിറവേററുന്നതിനും അധികാരങ്ങൾ ന്യായമായരീതിയിൽ വിനിയോഗിക്കുന്നതിനും ആവശ്യമായ രക്ഷാവ്യവസ്ഥകളും പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. പ്രവർത്തനോത്സുകരായ പൊതുജനനേതാക്കന്മാരിൽ ഈ സ്ഥാപനങ്ങളുടെ നേതൃത്വം ചെന്നുചേരുന്നപക്ഷം ശോഭനമായ ഭാവിയാണ് നമ്മുടെ ഗ്രാമങ്ങൾക്കുള്ളത്.

## 6. പഞ്ചായത്തുഫണ്ട്.

കൂടുതലായ അധികാരങ്ങൾ നൽകിയതുകൊണ്ടോ ചുമതലകൾ വർദ്ധിപ്പിച്ചതു കൊണ്ടോ മാത്രം പഞ്ചായത്തുകൾ ഉപയോഗപ്രദമായി പ്രവർത്തിച്ചു എന്നു വരുന്നതല്ല. വേണ്ടത്ര ധനാഗമമാർഗ്ഗങ്ങളില്ലാത്തപക്ഷം ഏതു പഞ്ചായത്തിൻെറയും പ്രവർത്തനം മന്ദീഭവിക്കുന്നതിനേ ഇടയുള്ളു. മിതമായ തോതിലാണെങ്കിലും, ഒരു ഗ്രാമപ്രദേശത്തിൽ അത്യാവശ്യമായി ചെയ്യേണ്ടതായ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക കഴിവുകൾ, പഞ്ചായത്തുകൾക്കുണ്ടാക്കി കൊടുക്കുന്നതിനാവശ്യമുള്ള വ്യവസ്ഥകൾ പുതിയ നിയമത്തിൽ അടങ്ങിയിട്ടുണ്ട്.

ഓരോ പഞ്ചായത്തിനും പ്രത്യേക പഞ്ചായത്തുഫണ്ട് ഉണ്ടായിരിക്കുന്നതാണ്. നിയമംമൂലം പിരിക്കാവു

ന്ന നികുതി, വരി, കരം, ലൈസൻസ്ഫീസ് മുതലായ ഇനങ്ങളിൽ നിന്നാണു് ഈ ഫണ്ടു് ഉണ്ടാകേണ്ടതു്. കൂടാതെ, ഒരുനിശ്ചിതവഷത്തിൽ പഞ്ചായത്തു് ശേഖരിക്കുന്ന തുകയ്ക്കു് സമമായ ഒരു തുക, ഗവമ്മെൻറു്, പഞ്ചായത്തു ഫണ്ടിലേയ്ക്കു് അംശദാനമായി കൊടുക്കുന്നതാണു്. എന്നാൽ ആയതു് രണ്ടായിരം രൂപയിൽ കവിയുന്നതല്ല. പഞ്ചായത്തു് ശേഖരിക്കുന്ന തുക കണക്കാക്കുമ്പോൾ, ഏതെങ്കിലുംജോലിക്കു് പൊതുജനങ്ങളിൽനിന്നുംലഭ്യമാകുന്ന കായികാദ്ധ്വാനത്തിൻെറ പണമായുള്ള വില കൂടികൂട്ടുന്നതിനു് വ്യവസ്ഥയുണ്ടു്. കൂടാതെ,നികുതിയിനത്തിലല്ലാതെ, ഒരു പ്രാദേശികാധികാരമോ, പൊതുജനങ്ങളിൽ ആരെങ്കിലുമോ നല്കുന്ന സംഭാവനയും,ഗവമ്മെൻറിൻെറ അംശദാനത്തുക തിട്ടപ്പെടുത്തുന്നതിനു് പരിഗണിക്കുന്നതാണു്. പ്രവൎത്തനോത്സുകരായ അംഗങ്ങളുള്ള പഞ്ചായത്തുകൾക്കു് ഗവമ്മെൻറു്, സഹായംവാഗ്ദാനംചെയ്യുന്ന ഈ വ്യവസ്ഥ, ആക്ടിലെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വകുപ്പാണു്. പൊതുവിലുള്ള ഏതെങ്കിലും പണികൾക്കാവശ്യമായ ധനം സ്വരൂപിക്കുമ്പോൾ അതിൻെറ അംശദാനം പണമായി നൽകാൻ കെല്പില്ലാത്ത സാധാരണക്കാർക്കു്, കായികാദ്ധ്വാനംമൂലം ആ അംശദാനം നൽകുന്നതിനു് ഇതുമൂലം നിയമം പ്രചോദനം നൽകുന്നു. ഭീമമായ ഒരു സാമ്പത്തികകരണത്തിലാണു് ഗവമ്മെൻറിനെ ഈ തീരുമാനം എത്തിച്ചിട്ടുള്ളതെങ്കിലും, ആവശ്യമായ ധനം സമ്പാദിക്കുന്നതിനു് വേണ്ടത്ര പ്രോത്സാഹനം പഞ്ചായത്തുകൾക്കു് നല്കുന്നതിനു് ഈവ്യവസ്ഥ സഹായകമായിത്തീരുന്നതാണു്. ആണ്ടോടാണ്ടു്, അംശദാനം വകയിൽ

പതിനൊന്നു ലക്ഷത്തോളം രൂപാ ഗവമ്മെൻറ് പഞ്ചായത്തുകൾക്കായി നൽകേണ്ടതായുണ്ട്.

ഭൂമിയിന്മേലുള്ള വരി, വീട്ടുകരം, വാഹനകരം, ലൈസൻസ് ഫീസ്, തൊഴിൽകരം മുതലായ നികുതികളാണ് പഞ്ചായത്തുകളുടെ പ്രധാന വരവിനങ്ങൾ. പഞ്ചായത്താക്റ്റിലെ 56, 57, 58, ഈ വകുപ്പുകളും, രൂളിൽ 117 മുതൽ 138 വരെയുള്ള വകുപ്പുകളും, നികുതി, ഫീസ് മുതലായവയെ സംബന്ധിക്കുന്നവയാകുന്നു.

ഭൂമിയിന്മേൽ പഞ്ചായത്തുകൾ ചുമത്തുന്ന വരി നാലു സെൻറ് ഭൂമിക്ക് ഒന്നര പൈസ എന്ന നിരക്കിൽ കൂടുവാൻ പാടില്ല. ഓരോ വീട്ടിനും ഒരാണ്ടത്തേയ്ക്കു് കിട്ടാവുന്ന ഒരു വാടക വരുമാനം നിശ്ചയിക്കുന്നതും വീട്ടുകരം ആ തുകയുടെ നാലു ശതമാനമായിരിക്കുന്നതുമാണ്.

ഏതെങ്കിലും അർദ്ധവർഷത്തിൽ, ഒരു പഞ്ചായത്തു പരിധിക്കുള്ളിൽ, 60 ദിവസങ്ങൾക്കുള്ളിൽ കുറയാത്ത കാലത്തേയ്ക്കു് പ്രവൎത്തനം നടത്തുന്ന ഏതൊരു കമ്പനിയും പഞ്ചായത്തിലേയ്ക്കു് തൊഴിൽകരം കൊടുക്കേണ്ടതാണ്. അതുപോലെ അതേകാലത്തേക്കു പഞ്ചായത്തു പരിധിക്കുള്ളിലോ, പഞ്ചായത്തു പരിധിയിൽ താമസിച്ചുകൊണ്ടു് പഞ്ചായത്തു പരിധിക്കു വെളിയിലോ എന്തെങ്കിലും തൊഴിൽ ചെയ്യുകയോ ജോലി നോക്കുകയോ ചെയ്യുന്ന ആളും, പഞ്ചായത്തു പരിധിയിൽ താമസിച്ചു് പെൻഷനോ, നിക്ഷേപങ്ങളിൽനിന്നും ആദായമോ കൈപ്പററുന്ന ആളും പഞ്ചായത്തിലേക്കു് തൊഴിൽകരം നല്കുവാൻ ബാദ്ധ്യസ്ഥരാണ്.

തൊഴിൽകരം നൽകുവാനുള്ളവരെ പല ക്ലാസ്സുകളായി തിരിച്ചു്, ഓരോ ക്ലാസ്സിൽ പെട്ടവരിൽനിന്നും ഏററവും കൂടുതൽ ഈടാക്കാവുന്ന കരത്തിന്റെ പരിധി ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. അതിന്റെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

3191 / L185

| ക്ലാസ്സ് | അർദ്ധവർഷവരവ് രൂപാ | അർദ്ധവർഷത്തിൽ ഏററവും കൂടുതൽ ഈടാക്കാവുന്ന തുക രൂ | ണ. | സ. |
|---|---|---|---|---|
| I | 21000 ൽ കൂടുതൽ | 125 | 0 | 0 |
| II | 18000ൽ കൂടുതലും 21,000ൽകുറവും | 110 | 0 | 0 |
| III | 12000 ,, 18000 ,, | 75 | 0 | 0 |
| IV | 9000 ,, 12000 ,, | 40 | 0 | 0 |
| V | 6000 ,, 9000 ,, | 25 | 0 | 0 |
| VI | 4200 ,, 6000 ,, | 14 | 0 | 0 |
| VII | 3000 ,, 4200 ,, | 10 | 0 | 0 |
| VIII | 1800 ,, 3000 ,, | 5 | 0 | 0 |
| IX | 1200 ,, 1800 ,, | 3 | 0 | 0 |
| X | 600 ,, 1200 ,, | 2 | 0 | 0 |
| XI | 300 ,, 600 ,, | 1 | 0 | 0 |
| XII | 150 ,, 300 ,, | 0 | 8 | 0 |

ബോട്ടു്, വള്ളം മുതലായ വാഹനങ്ങൾക്കേ പഞ്ചായത്തിൽ നിന്നും നികുതി ഈടാക്കുവാൻ പാടുള്ളൂ. മററുള്ള വാഹനങ്ങളുടെ നികുതി തിരുവിതാംകൂർ-കൊച്ചി

വാഹനനിയമമനുസരിച്ച് പോലീസ് വകുപ്പിൽ നിന്നു മാണ് ഈടാക്കുന്നത്. വാഹനക്കരം താഴെ കൊടുത്തിട്ടു ള്ള നിരക്കിൽ കവിയുവാൻ പാടില്ല.

| വാഹനത്തിൻെറ പേരു് | അർദ്ധവർഷകരം | | |
|---|---|---|---|
| | രൂ. | ണ. | പൈ. |
| ആറുപേരിൽ കൂടുതൽ കയററാവുന്നതും വാടകയ്ക്കു വിടുന്നതുമായ മോട്ടോർബോട്ടും സ്റ്റീംലാഞ്ചും | 15 | 0 | 0 |
| ടഗ് (സ്റ്റീമോ, മോട്ടറോ) | 25 | 0 | 0 |
| ടഗ്ഗിനോടു തൊടുത്തത്തക്ക ബാർജ്ജും മററു ബോട്ടുകളും | 12 | 8 | 0 |
| മററു മോട്ടോർബോട്ടും സ്റ്റീംലാഞ്ചും | 7 | 8 | 0 |
| കാബിൻ ബോട്ട് | 1 | 4 | 0 |
| നാലു ടണ്ണും അതിൽ കൂടുതൽ കേവുഭാരമുള്ളതുമായ വള്ളങ്ങൾ | 1 | 0 | 0 |
| രണ്ടു ടണ്ണിനും നാലു ടണ്ണിനും ഇടയ്ക്കു് കേവുഭാരമുള്ള വള്ളങ്ങൾ | 0 | 8 | 0 |

ഹോട്ടൽ, കാപ്പിക്കട മുതലായ സ്ഥാപനങ്ങൾ പഞ്ചായത്തിൽനിന്നും ലൈസൻസു വാങ്ങിയിരിക്കേണ്ടതാണ്. ലൈസൻസ് ലഭിക്കുന്നതിന് ഒരു ഫീസ് നല്കിയിരിക്കണം. ഫീസിൻെറ വിവരം താഴെ കൊടുത്തിരിക്കുന്നു.

| ലൈസൻസ് ചുമത്താവുന്ന സ്ഥാപനത്തിൻെറ പേര് | ക്ലാസ്സ് എ | | | ബി | | | സി | | |
|---|---|---|---|---|---|---|---|---|---|
| | രൂ. ണ. സ. | | | രൂ. ണ. സ. | | | രൂ. ണ. സ. | | |
| ചായക്കട | 3 | 0 | 0 | 3 | 0 | 0 | 1 | 0 | 0 |
| ഹോട്ടൽ | 3 | 0 | 0 | 2 | 0 | 0 | 1 | 0 | 0 |
| കാപ്പിക്കട | 3 | 0 | 0 | 2 | 0 | 0 | 1 | 0 | 0 |
| ചായക്കടയും ഹോട്ടലും | 4 | 8 | 0 | 3 | 0 | 0 | 1 | 8 | 0 |
| കാപ്പിക്കടയും ഹോട്ടലും | 4 | 8 | 0 | 3 | 0 | 0 | 1 | 8 | 0 |
| ബോർമ്മ | 3 | 0 | 0 | 2 | 0 | 0 | 1 | 0 | 0 |
| സോഡാഫാക്ടറി | 3 | 0 | 0 | 2 | 0 | 0 | 1 | 0 | 0 |
| കൂൾഡ്രിങ്ക്സ് ഷാപ്പ് | 3 | 0 | 0 | 2 | 0 | 0 | 1 | 0 | 0 |

മൂന്നു മാസമോ അതിൽ കുറഞ്ഞ കാലത്തേക്കോ മാത്രം നടത്തപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും ഒരു കൊല്ലത്തേക്കു കൊടുക്കേണ്ടുന്ന വരിയുടെ പകുതിമാത്രമേ ഈടാക്കുവാൻ പാടുള്ളു.

നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടപടികൾ പാലിച്ചും, പഞ്ചായത്തു നിബന്ധനകൾക്ക് വിധേയമായും, ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദത്തോടു കൂടിയും, നിർണ്ണയിച്ചിട്ടുള്ള പരമാവധിയിൽ കവിയാതെയും, ഈ നികുതികളും, ഫീസുകളും പിരിക്കുന്നതിന് പഞ്ചായത്തുകൾക്കധികാരമുണ്ട്.

മേൽപറഞ്ഞ നികുതികൾ കൂടാതെ മററു പല ഇനങ്ങളിലും നല്ല വരുമാനമുണ്ടാക്കുന്നതിന് പഞ്ചായത്തു

കൾക്ക് സാധിക്കുന്നതാണ്. ചന്തകൾ പഞ്ചായത്തുകളുടെ അധീനതയിൽ വരുന്നതുമൂലം ഒരു നല്ല തുക ആ ഇനത്തിൽ ലഭിക്കുവാനിടയുണ്ട്. പൊതുസങ്കേതങ്ങൾ വിനോദങ്ങൾക്കായും മററും ഉപയോഗിക്കുന്നതിനെ നിയന്ത്രിക്കുന്നതും, വിനോദങ്ങളിൽ നികുതി ചുമത്തുന്നതും ആയ നിയമങ്ങളുടെ 1 പ്രവർത്തനം, പഞ്ചായത്തു പരിധികളിൽ വ്യാപിപ്പിച്ചിട്ടുള്ളതുമൂലം, സിനിമാ, നാടകം, സർക്കസ് മുതലായ പ്രദർശനശാലകളിൽനിന്നും പഞ്ചായത്തുകൾക്ക് വലുതായ വരുമാനം ലഭിക്കുന്നതാണ്.

വിനോദനികുതി, ചന്തക്കരം മുതലായവ ഈടാക്കുന്നതിനെപ്പററിയുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. വിനോദനികുതിയെ സംബന്ധിക്കുന്ന ചട്ടങ്ങളുടെ നക്കൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

പബ്ലിക് റിസാർട്ട് ആക്ടനുസരിച്ചു പിരിക്കാവുന്ന ഫീസിന്റേയും മററും വിവരങ്ങൾ ആ ആക്ടിലും ആക്ടിനുവിധേയമായി പാസ്സാക്കിയിട്ടുള്ള ചട്ടങ്ങളിലും അടങ്ങിയിരിക്കുന്നു. ഫീസ്നിരക്ക് താഴെപ്പറയും പ്രകാരമാണു്.

രൂ.ണ.സ.

(i) സ്ഥിരമായ കെട്ടിടങ്ങൾക്ക് ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും 1000 ചതുരശ്ര അടിവരെ 5 0 0

I The Places of Public Resort Act (Act VIII 1951) The Local Authorities Entertainment Tax Act. (Act VI of 1951)

ബാക്കിയുള്ള ഓരോ 500 ചതുരശ്രഅ
ടിക്കോ അതിൻെറ അവശിഷ്ടത്തിനോ 2 0 0

(ii) സ്ഥിരമായ കെട്ടിടങ്ങളിൽ ഒരു മാസ
ത്തേക്കോ കുറഞ്ഞ കാലത്തേക്കോ തൽ
ക്കാല ലൈസൻസ് നൽകുന്നതിനും പു
തുക്കുന്നതിനും 1000ചതുരശ്രഅടിവരെ 1 0 0
ബാക്കിയുള്ള ഓരോ 500 ചതുരശ്ര അ
ടിക്കോ അവശിഷ്ടത്തിനോ 0 8 0

(iii) താല്ക്കാലിക കെട്ടിടങ്ങളിൽ ഒരു മാസ
ത്തേക്കോ അതിൽ കുറഞ്ഞ കാലത്തേ
ക്കോ താൽക്കാലിക ലൈസസ് നൽ
കുന്നതിനും പുതുക്കുന്നതിനും 1000 ച
തുരശ്ര അടിവരെ 5 0 0
ബാക്കിയുള്ള 500 ചതുരശ്ര അടിക്കോ
അവശിഷ്ടത്തിനോ 2 8 0

(iv) കൂരയുംമറവുമില്ലാത്ത അടച്ചുകെട്ടിയ
സ്ഥലത്തിന് ഒരു കൊല്ലത്തേക്ക് ലൈ
സൻസ് നൽകുന്നതിനും പുതുക്കുന്നതി
നും 2000 ചതുരശ്ര അടിവരെ 2 0 0
ബാക്കിയുള്ള 1000 ത്തിനോ അവശി
ഷ്ടത്തിനോ 1 0 0

(v) മേൽപ്പറഞ്ഞ സ്ഥലത്ത് താൽക്കാലിക
ലൈസൻസ് നൽകുന്നതിന് ഒരു മാസ
ത്തേക്കും അതിൽ കുറഞ്ഞകാലത്തേക്കും
2000 ചതുരശ്ര അടിവരെ 1 0 0

ബാക്കിയുള്ള 1000 ത്തിനോ അവശി
ഷ്ടത്തിനോ 0 8 0

പകൽമാത്രം വിളക്കുകളില്ലാതെ ഉപയോഗിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ലൈസൻസുഫീസ് മുകളിൽ പറഞ്ഞിട്ടുള്ള നിരക്കുകളുടെ പകുതി മാത്രമേ ആയിരിക്കുകയുള്ളു.

നികുതികൾ പിരിക്കുന്നതിന് പഞ്ചായത്തുകൾക്കാവശ്യമുള്ള ജീവനക്കാരെ നിയമിക്കാം. നികുതിയിനത്തിലുള്ള കുടിശിക, അപ്പോഴപ്പോൾ ഉൗജ്ജിതത്തിൽ ഇരിക്കുന്ന കരംപിരിവു് ആക്റ്റ്പ്രകാരം ഭൂനികുതി കുടിശിക ഈടാക്കുന്നതുപോലെ ഈടാക്കാവുന്നതാണ്. ഗവമ്മെൻറിനും, ഗവമ്മെൻറിൻെറ അനുവാദത്തോടുകൂടി പഞ്ചായത്തിനും ഏതെങ്കിലും ആളെയോ, സ്ഥാപനത്തേയോ, കരം, നികുതി മുതലായവ നൽകുന്നതിൽനിന്നും ഒഴിവാക്കാം.

പ്രവത്തിക്കുവാൻ കെല്പും തയാറുമുള്ള പഞ്ചായത്തുകൾക്ക് നാനാപ്രകാരത്തിൽ അല്പാല്പമായിട്ടാണെങ്കിലും അത്യാവശ്യമായ കാര്യങ്ങൾ നിവ്വഹിക്കുന്നതിനായി ഒരു നല്ല തുക സമ്പാദിക്കുന്നതിന് സാധിക്കുന്നതാണ്. എന്നാൽ വിവിധമാഗ്ഗങ്ങളിൽ കൂടിയുള്ള ഗ്രാമോദ്ധാരണ പ്രവത്തനങ്ങൾ ഈ ഫണ്ടിനാൽ മാത്രം സാദ്ധ്യമാകുന്നതല്ല. ഗ്രാമീണരുടെ ഒത്തൊരുമിച്ചുള്ള പ്രവത്തനവും ധനത്തേക്കാൾ വിലമതിക്കേണ്ടുന്ന അദ്ധ്വാനവുമാണ് അതിലേക്കാവശ്യമായിട്ടുള്ളതു്.

## 7. പഞ്ചായത്തു നടപടിക്രമം

ഒരു വ്യക്തിയെന്ന നിലയിൽ പ്രവത്തിക്കത്തക്കവിധത്തിൽ നിയമാനുസൃതമായി ഏകോപിച്ച ഒരു സംഘടനയാണു് പഞ്ചായത്തു്. പഞ്ചായത്തിൻെറ പ്രധാന കാര്യനിവ്വാഹകൻ പ്രസിഡൻറാണു്. മീററിംഗുകൾ വിളിച്ചുകൂട്ടുക, തീരുമാനങ്ങൾ നടപ്പിൽ വരുത്തുക, മുതലായവ പ്രസിഡൻറിൻെറ ചുമതലകളാണു്. പ്രസിഡണ്ടിനെ സഹായിക്കുന്നതിനും ഇല്ലാത്തപ്പോൾ കായ്യങ്ങൾ നിവ്വഹിക്കുന്നതിനുമായി പഞ്ചായത്തുകൾക്കു് വൈസ്പ്രസിഡൻറിനെ തെരഞ്ഞെടുക്കാം. പ്രസിഡൻറിൻെറ സ്ഥാനം ഒഴിവാകുമ്പോൾ മറെറാരു പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നതുവരെ വൈസ്പ്രസിഡൻറാണു പ്രസിഡൻറിൻെറ ചുമതല വഹിക്കേണ്ടതു്. അതുപോലെതന്നെ പതിനഞ്ചു ദിവസത്തിൽ കൂടുതൽകാലത്തേയ്ക്കു തുടർച്ചയായി പ്രസിഡൻറു് സ്ഥലത്തില്ലാതാകുമ്പോഴോ, അദ്ദേഹത്തിന് അപ്രാപ്തി ഭവിക്കുമ്പോഴോ വൈസ്പ്രസിഡൻറു് പ്രസിഡൻറിൻെറ ആളെന്ന നിലയിൽ കായ്യങ്ങൾ നടത്തുന്നതാണു്.

പഞ്ചായത്തിന് പ്രത്യേകമായ ഒരു ആഫീസുണ്ടായിരിക്കണം. തീരുമാനങ്ങൾ ചെയ്യേണ്ടതു് യോഗങ്ങൾ കൂടിയാണു്. ആഫീസിൽവച്ചു് പ്രത്യേകംക്ലിപ്തപ്പെടുത്തിയസമയത്തോ അല്ലെങ്കിൽ ആവശ്യമുള്ളപ്പോഴൊക്കെയോ പഞ്ചായത്തുകായ്യങ്ങൾനിവ്വഹിക്കുന്നതിനായിമീററിംഗുകൾ കൂടണം. സാധാരണയോഗങ്ങൾ മാസത്തിൽ ഒരിക്കലെങ്കിലും കൂടിയിരിക്കണം. ആവശ്യമെന്നു തോന്നുന്നപക്ഷം

പ്രസിഡൻറിന് എപ്പോൾവേണമെങ്കിലും യോഗം വിളിച്ചുകൂട്ടാം. സമയവും, ദിവസവും, ആലോചിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും കാണിച്ച് കുറഞ്ഞത് മൂന്നു ദിവസത്തെ നോട്ടീസെങ്കിലും ഓരോ യോഗത്തിനും വേണ്ടതാണ്. എന്നാൽ അത്യാവശ്യമുള്ള പക്ഷം കുറഞ്ഞകാലത്തെ നോട്ടീസു മൂലവും യോഗങ്ങൾ വിളിച്ചു കൂട്ടാം. ദിവസം നിശ്ചയിച്ച്, ആവശ്യങ്ങൾ വിശദീകരിച്ച്, പത്തു ദിവസത്തെ സമയം നൽകി, രേഖാമൂലം നിലവിലുള്ള മെമ്പറന്മാരിൽ മൂന്നിലൊന്നുപേർ ഒപ്പിട്ട്, യോഗം കൂടണമെന്ന് നോട്ടീസു നൽകുന്നപക്ഷം ആയതു വിളിച്ചുകൂട്ടുന്നതിന് പ്രസിഡൻറ് ബാദ്ധ്യസ്ഥനാണ്. നോട്ടീസ് ലഭിച്ച് രണ്ടു ദിവസിക്കകം യോഗം കൂട്ടുന്നതിന് വേണ്ട നടപടികൾ നടത്താത്തപക്ഷം നോട്ടീസിൽ ഒപ്പിട്ടവർക്ക്, യഥാവിധി മററുള്ളവർക്കും നോട്ടീസു നൽകി ഒരു മീററിംഗു വിളിച്ചുകൂട്ടുന്നതിന് അധികാരമുണ്ട്.

പ്രസിഡൻറിൻെറയും വൈസ്പ്രസിഡൻറിൻെറയും തെരഞ്ഞെടുപ്പ്, കരംചുമത്തൽ, മുതലായി പ്രാധാന്യമർഹിക്കുന്ന സംഗതികളെപ്പററി തീരുമാനങ്ങൾ ചെയ്യുന്നതു് അതിലേയ്ക്കായി കൂടുന്ന പ്രത്യേക യോഗങ്ങളിലായിരിക്കണം.

പഞ്ചായത്തു മീററിംഗുകളിൽ അദ്ധ്യക്ഷം വഹിക്കേണ്ടതു് പ്രസിഡൻറാണ്. അദ്ദേഹത്തിൻെറ അഭാവത്തിൽ വൈസ്പ്രസിഡൻറും രണ്ടുപേരുമില്ലാത്തപ്പോൾ പ്രത്യേകം തെരഞ്ഞെടുക്കപ്പെടുന്ന ഏതെങ്കിലും മെമ്പറും അദ്ധ്യക്ഷം വഹിക്കണം.

മീററിംഗുകളിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാം. എന്നാൽ അദ്ധ്യക്ഷന് മുഴുവൻ പബ്ലിക്കിനേയുമോ, അല്ലെങ്കിൽ അതിൽ കുറെ പേരെയൊ, ഒരാളെ മാത്രമോ പങ്കെടുക്കുന്നതിൽനിന്നും നിരോധിക്കാം. നിരോധിക്കുന്നതിനുള്ള കാരണം മിനിട്ടിൽ പ്രത്യേകം രേഖപ്പെടുത്തണം.

സാധാരണ യോഗത്തിൻെറ കോറം ആകെ മെമ്പറന്മാരുടെ· മൂന്നിലൊന്നും പ്രത്യേക മീററിംഗുകളുടേതു (ആക്റ്റ് 40-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള മീററിംഗ് ഒഴിച്ച്) പകുതിയും ആണ്.

പഞ്ചായത്തിൻെറ ഒരു തീരുമാനവും ആയത് പാസ്സാക്കി മൂന്നു മാസം കഴിയുന്നതിനു മുമ്പെ വ്യത്യാസപ്പെടുത്തുന്നതിനോ റദ്ദുചെയ്യുന്നതിനോ പാടില്ല. എന്നാൽ അനുവദിച്ചിട്ടുള്ള മെമ്പറന്മാരിൽ പകുതിപേർ വോട്ടു ചെയ്യുന്നപക്ഷം ഒരു സ്പെഷ്യൽ മീററിംഗിന് ആയതിന് അധികാരമുണ്ട്.

യോഗനടപടികൾ രേഖപ്പെടുത്തുന്ന മിനിട്ടുബുക്ക് പരിശോധിക്കുന്നതിന് മെമ്പറന്മാൎക്കും പഞ്ചായത്തിലേയ്ക്ക് കരംകൊടുക്കുന്ന ഏതൊരാൾക്കും അധികാരമുണ്ട്.

മീററിംഗുകളിൽ പ്രമേയങ്ങൾ അവതരിപ്പിക്കുക, ചോദ്യങ്ങൾ ചോദിക്കുക മുതലായ നടപടിക്രമങ്ങളെപ്പററി 98 മുതൽ 116 വരെ റൂളുകളിൽ വിശദീകരിക്കുന്നു.

ഭരണാധികാരസ്ഥൻെറ കൈവശമുള്ള ഏതെങ്കിലും രേഖ ഹാജരാക്കാൻ ഒരു പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതും നിൎണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വി

ധേയമായി ആയത് അനുസരിക്കുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനായിരിക്കുന്നതും ആണ്.

ഒരു പഞ്ചായത്തു കമ്മററിക്ക് ഒന്നോ അതിലധികമോ പ്രാദേശികാധികാരങ്ങളോട്ട് തങ്ങൾക്ക് ചുമതലയുള്ള ഏതെങ്കിലും കാര്യങ്ങൾക്ക് ഒരു കൂട്ടുകമ്മററി രൂപീകരിക്കുന്നതിൽ ചേരാവുന്നതും അപ്രകാരം ഗവമെൻറ് ആവശ്യപ്പെടുന്നപക്ഷം ചേരേണ്ടതുമാകുന്നു.

പഞ്ചായത്തുകളുടെ കാര്യക്ഷമമായ പ്രവത്തനത്തിന് സഹായകമായിത്തീരത്തക്കവിധത്തിലുള്ള അവകാശങ്ങളും അധികാരങ്ങളും പഞ്ചായത്തു മെമ്പറന്മാക്കുണ്ട്. ഏതംഗത്തിനും പഞ്ചായത്തുപ്രദേശത്തിലെ ഏതെങ്കിലും ജോലിയുടെ നടത്തിപ്പിലുള്ള ഉപേക്ഷയോ,പഞ്ചായത്തുവക സ്വത്തിൻെറ നാശമോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്തെ ആവശ്യമോ ഭരണാധികാരസ്ഥൻെറ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതും അഭിലഷണീയമെന്നു തോന്നാവുന്ന വല്ല പരിഷ്കാരങ്ങളും നിർദ്ദേശിക്കാവുന്നതുമാണ്. പഞ്ചായത്തിൻെറ ഭരണം സംബന്ധിച്ച കാര്യങ്ങളെപ്പററി പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനും പ്രസിഡണ്ടിനോടു ചോദ്യം ചോദിക്കുന്നതിനും മെമ്പറന്മാക്ക് അവകാശമുണ്ട്. പ്രസിഡൻറിന് മുമ്പേർ നോട്ടീസ് നൽകി, ആഫീസ് സമയങ്ങളിൽ പഞ്ചായത്തു റിക്കാർഡുകൾ ഏതു മെമ്പക്കും നോക്കാവുന്നതാണ്. എന്നാൽ തക്കതായ കാരണം രേഖാമൂലം അറിയിച്ച് പ്രസിഡൻറിന് ഇതിനെ നിരോധിക്കാം. പഞ്ചായത്തിനുവേണ്ടി ചെയ്യുന്ന സേവനങ്ങൾക്ക് മെമ്പറന്മാർ ശമ്പളമോ പ്രതിഫലമോ പററുവാൻ പാടില്ല.

അവരവരുടെ ഗ്രാമങ്ങൾ ഉദ്ധരിച്ച് ഐശ്വര്യസമ്പൂർണ്ണമാക്കുന്നതിലേയ്ക്കായി യഥാർത്ഥ പ്രവർത്തകർ പ്രതിഫലം ഇച്ഛിക്കാറുമില്ലല്ലൊ.

ഓരോ പഞ്ചായത്തും പ്രവർത്തിക്കേണ്ടതു് പ്രത്യേക നിബന്ധനകൾക്കു വിധേയമായാണ്. ആക്ടിനും റൂളിനും വിരുദ്ധമാകാത്ത രീതിയിലാണ് അവ രൂപീകരിക്കേണ്ടതു്. നിബന്ധനകൾ നിർമ്മിക്കുകയൊ ഭേദപ്പെടുത്തുകയൊ ചെയ്യുന്നതിനു മുമ്പ്, ഉദ്ദേശിക്കപ്പെട്ടിട്ടുള്ള നിബന്ധനകളുടേയും ഭേദഗതികളുടേയും നക്കൽ ആയതു് ആലോചനക്കെടുക്കുന്ന യോഗത്തിന്റെ തീയതി കാണിക്കുന്ന നോട്ടീസ് സഹിതം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ക്ലിപ്ത തീയതിക്കകം നക്കലിനെപ്പററി കൊണ്ടുവരപ്പെടുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും യോഗത്തിന്റെ പര്യാലോചനയ്ക്കു വിഷയമാക്കണം. നിബന്ധനകൾ അപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കും, ആലോചനയ്ക്കെടുക്കുന്ന തീയതിക്കും തമ്മിൽ പതിനഞ്ചു ദിവസത്തെ ഇടയെങ്കിലും ഉണ്ടായിരിക്കണമെന്നു് നിർബന്ധമുണ്ട്. പഞ്ചായത്തു ഡയറക്ടർ അംഗീകരിച്ചു സ്ഥിരപ്പെടുത്തുന്നതുവരെ, ഏതെങ്കിലും നിബന്ധനകൾക്കോ ഭേദഗതികൾക്കോ പ്രാബല്യം സിദ്ധിക്കുന്നതല്ല.

ചെലവുകൾ നിയന്ത്രിച്ചു ക്രമീകരിക്കുന്നതിന് വർഷാരംഭത്തിനുമുൻപായി പഞ്ചായത്തുകൾ വരവുചെലവു ബഡ്ജററുണ്ടാക്കി ഗവൺമെൻറനുവാദം വാങ്ങിയിരിക്കേണ്ടതാണ്. ഓരോ ഇനത്തിലുമുള്ള ചെലവു്, അനുവദിച്ച ബഡ്ജററുതുകയിൽ കവിയുവാൻ പാടില്ല. ജോലികൾ നടത്തേണ്ടതു് എസ്റ്റിമേററുകൾ തയ്യാറാക്കിച്ച് അ

നുവാദം വാങ്ങി ദീർഘാസുകൾ ക്ഷണിച്ചാണു്. ഒരു ക്ലിപ്തതുകവരേയുള്ള ചെലവുകൾ അനുവദിക്കുന്നതിന്നു് പഞ്ചായത്തുകൾക്കധികാരമുണ്ടു്. കൂടുതൽ തുകകൾ ചെലവാക്കുന്നതിന്നു് അനുവാദം നൽകുന്നതിനുള്ള അധികാരം ഒരു ക്ലിപ്തതുകവരെ ഡയറക്ടൎക്കും അതിൽ കവിഞ്ഞാൽ ഗവണ്മെൻറിനുമാണുള്ളതു്.

കാൎയ്യക്ഷമമായുള്ള പ്രവൎത്തനം സാദ്ധ്യമാകുന്നതിന്നായി പഞ്ചായത്തുകൾ വിവിധരീതിയിലുള്ള റിക്കാർഡുകൾ സൂക്ഷിക്കേണ്ടതാണെന്നു് പഞ്ചായത്തുരൂളിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. ആവശ്യമായ രജിസ്റ്ററുകളുടേയും ഫാറങ്ങളുടേയും മാതൃകകളും പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ടു്. പ്രാധാന്യമർഹിക്കുന്ന റിക്കാർഡുകൾ താഴെപ്പറയുന്നവയാണു്.

1. മിനിട്ടുബുക്കു്.
2. പാസ്ബുക്കു്.
3. വരവുവിവരം കുറിക്കുന്ന രജിസ്റ്റർ
4. ചെലവുവിവരം കുറിക്കുന്ന രജിസ്റ്റർ
5. ക്യാഷ്ബുക്കു്
6. ചെക്കുബുക്കു്
7. ഡിമാൻഡ് രജിസ്റ്റർ
8. കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ
9. മാസാന്ത്യക്കണക്കു്

ദൈനംദിനമുള്ള വരവുചെലവുവിവരങ്ങളെപ്പററി ശരിയായ ഒരു രൂപം ഉണ്ടാകുന്നതിനായി, രൂളിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ കണക്കുകൾ സൂക്ഷിക്കേണ്ടതു്

അത്യാവശ്യമാണ്. പണാപഹരണം തടയുന്നതിനും ഇപ്രകാരമുള്ള കണക്കുവെയ്പ് സഹായകമായിരിക്കും.

പഞ്ചായത്തിന്റെ ഫണ്ടുകൾ നിക്ഷേപിക്കുന്നതു ഗവൺമെന്റുഖജനാവിലൊ, ഗവൺമെന്റുസേവിംഗ് ബാങ്കിലൊ, ആയിരിക്കണം. പഞ്ചായത്തിലേയ്ക്കു വരവുള്ള ഒരു തുകയും, ഖജനാവിലൊ, സേവിംഗ് ബാങ്കിലൊ അടയ്ക്കുന്നതിനുമുൻപായി ചെലവുചെയ്യുവാൻ പാടില്ല. തൻചെലവിനത്തിൽപ്പെടുന്ന ചെറിയ തുകകളൊഴിച്ച് ബാക്കിതുകകൾ ചെക്കുകളായിട്ടുമാത്രമേ കൊടുക്കുവാൻ പാടുള്ളു.

കാര്യക്ഷമമായ രീതിയിൽ ഭരണം നടത്തുന്നതിന് ഓരോ പഞ്ചായത്തിനും പ്രാപ്തന്മാരായ ജീവനക്കാർ ഉണ്ടായിരിക്കണം. അവരുടെ നിയമനം, സർവീസ്, മുതലായവ ഗവൺമെന്റ് അനുവദിക്കുന്ന ചട്ടങ്ങൾക്കനുസരണമായി നിയന്ത്രിക്കുന്നതാണ്. ജീവനക്കാരുടെ സംഖ്യയും, ഉദ്യോഗപ്പേരുകളും, ഗ്രേഡുകളും, അവൎക്കു കൊടുക്കേണ്ടുന്ന ശമ്പളവും, ഫീസും, അലവൻസും ഡയറക്റ്റർ ക്ലിപ്തപ്പെടുത്തേണ്ടതും, അദ്ദേഹത്തിന് ഭേദഗതിചെയ്യാവുന്നതും ആകുന്നു. രണ്ടോ, അതിൽക്കൂടുതലൊ പഞ്ചായത്തുകൾക്കു് ഒരേ ചുമതലകൾ നിൎവ്വഹിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെതന്നെ നിയമിക്കുന്നതിനും വ്യവസ്ഥയുണ്ട്.

പഞ്ചായത്തുപ്രസിഡൻറിനും മെമ്പറന്മാൎക്കും സാധാരണയായി മുഴുവൻസമയവും പഞ്ചായത്തുപ്രവൎത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ സാധിക്കുന്നതല്ലല്ലോ.

ചുമതലകളും അധികാരങ്ങളും വളരെ വർദ്ധിച്ചിട്ടുള്ള തോടുകൂടി പഞ്ചായത്തുകളിൽ ജോലിയും വളരെ കൂടു ന്നതാണ്. ഇതുമൂലം പഞ്ചായത്തുഭരണത്തിൻെറ കാര്യ ക്ഷമത കുറയാതിരിക്കുന്നതിനാണ് പഞ്ചായത്തുകളിൽ പഞ്ചായത്താഫീസറന്മാരെ ആവശ്യമുള്ള പക്ഷം നിയമി ക്കാമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പഞ്ചായ ത്താഫീസറെ ഒരു പഞ്ചായത്തിനുമാത്രമായോ, പഞ്ചാ യത്തുകളുടെ സമൂഹത്തിനായോ, നിയമിക്കാം. പ്രസിഡ ണ്ടിൻെറ മേൽനോട്ടത്തിൽ കാര്യനിർവ്വഹണം നടത്തേണ്ടു ന്ന ഈ ഉദ്യോഗസ്ഥൻെറ അധികാരങ്ങൾ എന്തെല്ലാമെ ന്ന് ആക്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്താഫീസറെ നിയമിക്കപ്പെടുന്ന പഞ്ചായ ത്തിൽ അതിൻെറ പ്രധാന കാര്യനിർവഹണ ഉദ്യോഗ സ്ഥൻ അദ്ദേഹമായിരിക്കുന്നതാണ്. മീററിംഗുകളിൽ സംബന്ധിക്കുന്നതിനും ചർച്ചകളിൽ ഭാഗഭാക്കാകുന്നതി നും പഞ്ചായത്താഫീസർക്കധികാരമുണ്ട്. എന്നാൽ പ്ര മേയങ്ങൾ അവതരിപ്പിക്കുന്നതിനോ വോട്ടുചെയ്യുന്നതി നോ അധികാരമുണ്ടായിരിക്കുന്നതല്ല. പ്രസിഡണ്ടിൻെറ നിർദ്ദേശമനുസരിച്ച് അദ്ദേഹം മീററിംഗുകളിൽ പങ്കു കൊള്ളാൻ ബാദ്ധ്യസ്ഥനാണ്.

പഞ്ചായത്തുതീരുമാനങ്ങൾ പ്രയോഗത്തിൽ വരു ത്തുക, അനുവദിച്ച ജോലികൾക്ക് എസ്റ്റിമേററുകൾ ത യാറാക്കുവാൻ ഏർപ്പാടുകൾ ചെയ്യുക, എസ്റ്റിമേററിലെ വിശദാംശങ്ങൾപ്രകാരം യഥാസമയം ജോലികൾ ചെ യ്യിക്കുക, വിവിധജോലികൾക്കായി വകമാററിവയ്ക്കുന്ന

ഫണ്ടുകൾ പ്രയോജനകരമായും മിതമായും ചെലവഴിക്കുക, റിക്കാർഡുകളും മററും ശരിയായ രീതിയിൽ അന്നന്നുവരെയുള്ള കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടുണ്ടോ എന്നു നോക്കുക, പഞ്ചായത്തുജീവനക്കാരെ നിയന്ത്രിക്കുക മുതലായവയാണ് പഞ്ചായത്താഫീസരുടെ പ്രധാനചുമതലകൾ. പഞ്ചായത്താഫീസറെ നിയമിക്കാത്ത പഞ്ചായത്തുകളിൽ പ്രസിഡൻറുതന്നെയാണ് ഈ കൃത്യങ്ങൾ നിർവഹിക്കേണ്ടതു്. പഞ്ചായത്താഫീസർ ഉള്ളപ്പോഴും പ്രസിഡൻറിന് പഞ്ചായത്തിൻെറ എല്ലാ രേഖകളും പരിശോധിക്കുന്നതിന് പൂർണ്ണാവകാശം ഉണ്ടായിരിക്കുന്നതാണ്. പ്രസിഡൻറുമുഖേനയല്ലാതെ പഞ്ചായത്താഫീസർ ഗവമെൻറുമായോ, ഡയറക്ടറുമായോ യാതൊരു ഔദ്യോഗിക കത്തിടപാടുകളും നടത്താൻ പാടില്ല. കത്തുകൾ തൻെറ മേൽവിലാസത്തിൽ എത്തുമ്പോൾ ആയതു മുറപോലെ അധികാരസ്ഥാനങ്ങളിലേയ്ക്കോ, പഞ്ചായത്താഫീസർക്കോ എത്തിച്ചുകൊടുക്കുന്നതിന് പ്രസിഡൻറ് ബാദ്ധ്യസ്ഥനാണ്. പഞ്ചായത്തിൻെറ അനുമതിയോടുകൂടി ചെയ്യേണ്ടുന്ന എന്തെങ്കിലും കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതായുണ്ടെങ്കിൽ ആയതു് ഭരണാധികാരസ്ഥന് ചെയ്യിക്കാവുന്നതും നടത്തിക്കാനുള്ള ചെലവ് പഞ്ചായത്തു ഫണ്ടിൽനിന്നും നല്കാൻ നിർദ്ദേശിക്കാവുന്നതുമാണ്. എന്നാൽ അപ്രകാരം എടുത്ത നടപടിയും അതിനുള്ള കാരണങ്ങളും പഞ്ചായത്തിൻെറ അടുത്ത മീററിംഗിൽ അറിയിക്കേണ്ടതാണ്.

ഓരോ പഞ്ചായത്തു യോഗത്തിൻേറയും നടപടിക്ക

റിപ്പുകളുടെ ഒരു പകർപ്പും, യോഗത്തിൽ സന്നിഹിതനായിരുന്ന ഏതെങ്കിലും അംഗത്തിൽനിന്നും യോഗം അവസാനിച്ചതു മുതൽ നാലുത്തെട്ടു മണിക്കൂറിനകം ലഭിക്കുന്ന, നടപടികളെ സംബന്ധിച്ച ഭിന്നാഭിപ്രായ കുറിപ്പുകളുടെ ഒരു പകർപ്പും, യോഗദിവസം കഴിഞ്ഞു് മൂന്നു ദിവസത്തിനകം പ്രസിഡൻറു് ഡയറക്ടർക്കു് സമർപ്പിക്കേണ്ടതാണു്.

ഓരോ പഞ്ചായത്തും ഓരോ വർഷത്തേയും ഭരണം സംബന്ധിച്ച വിശദവിവരങ്ങളോടുകൂടിയ ഒരു റിപ്പോർട്ടു്, ആ കൊല്ലം അവസാനിച്ചതിനുശേഷം ഡയറക്ടർക്കു് സമർപ്പിക്കണം. ഭരണാധികാരസ്ഥനാണു് റിപ്പോർട്ടു് തയാറാക്കേണ്ടതു്. പഞ്ചായത്തിനു് ആ റിപ്പോർട്ടു് പരിശോധിക്കുന്നതിനും അതിന്മേൽ നിശ്ചയങ്ങൾ പാസാക്കുന്നതിനും അധികാരമുണ്ടു്.

## 8. നിയന്ത്രണം

ഏതു സ്ഥാപനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു് ചില നിയന്ത്രണങ്ങൾ ഇല്ലാതെ കഴിയുകയില്ലല്ലോ. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ വേണ്ടവിധത്തിൽ നിയന്ത്രിക്കുന്നതിനു് പഞ്ചായത്തു നിയമത്തിൽതന്നെ വ്യവസ്ഥകളുണ്ടു്. പഞ്ചായത്തു ഭരണം എല്ലായ്പോഴും നിസ്വാർത്ഥമതികളായ നേതാക്കന്മാരുടെ കയ്യിൽ ചെന്നുചേർന്നു എന്നു വരുന്നതല്ല. അപ്പോൾ പഞ്ചായത്തുകൾ ചുമതലകൾ ശരിയാംവണ്ണം നിർവഹിക്കുമെന്നും അധികാരങ്ങൾ ദുർവിനിയോഗംചെയ്യാതിരിക്കുമെന്നും

വിശ്വസിക്കുവാൻ സാദ്ധ്യമല്ല. ആ പരിതസ്ഥിതികളിലാണ് നിയന്ത്രണം ആവശ്യമായിത്തീരുന്നത്. എന്നാൽ, ന്യായമായും സേവനതൽപ്പരതയോടും പ്രവർത്തിക്കുന്ന യാതൊരു പഞ്ചായത്തിൻേറയും മേൽ നിയന്ത്രണാധികാരങ്ങൾ ഒന്നും തന്നെ ഒരിക്കലും പ്രയോഗിക്കേണ്ടി വരുന്നതല്ല.

നിയന്ത്രണാധികാരങ്ങൾ പ്രധാനമായി ഗവർമ്മെൻറിലും, പഞ്ചായത്തു ഡയറക്ടറിലും ആണ് നിക്ഷിപ്തമായിരിക്കുന്നത്. പഞ്ചായത്തുകൾക്ക് കാലാകാലങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ നൽകി അവയെ ആക്ററും റൂളും അനുസരിച്ച് പ്രവർത്തിക്കുന്നതിനു സഹായിക്കുന്നതിനാണ് ഡയറക്ടറെ നിയമിച്ചിട്ടുള്ളത്. അങ്ങനെ പഞ്ചായത്തുകളുടെ മേലുള്ള പൊതുനിയന്ത്രണാധികാരം പഞ്ചായത്തു ഡയറക്ടർക്കാണ്. അദ്ദേഹത്തിൻെറ നിയന്ത്രണത്തിൽ ഒരു പഞ്ചായത്തു വകുപ്പും രൂപീകരിച്ചിട്ടുണ്ട്. ഭരണസൗകര്യത്തിനായി സ്റ്റേററിനെ പഞ്ചായത്തു ഡിസ്ട്രിക്ററുകളായും, സബ്ഡിസ്ട്രിക്ററുകളായും വിഭജിച്ചിട്ടുണ്ട്. ഡിസ്ട്രിക്ററുകൾ അസിസ്റ്റൻറ് ഡയറക്ടറന്മാരുടേയും, സബ്ഡിസ്ട്രിക്ററുകൾ ഇൻസ്പെക്ടറന്മാരുടേയും നിയന്ത്രണത്തിലാണ്. പഞ്ചായത്തുകളിൽ ആവശ്യമായ പൊതുമരാമത്തുജോലികൾ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നല്കുന്നതിനായി അസിസ്റ്റൻറ് ഇൻജിനിയറന്മാരേയും, ഓവർസിയറന്മാരേയും വർക്ക്സൂപ്രണ്ടന്മാരേയും നിയമിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ സംബന്ധമായ പ്രവർത്തനങ്ങൾക്കായി പബ്ളിക്ക് ഹെൽത്ത് ആർഗനൈസറന്മാർ ഓരോ അസി. ഡയറ

ക്ടറന്മാരുടേയും നിയന്ത്രണത്തിൽ പ്രവൎത്തനം നടത്തുന്നുണ്ട്.

പഞ്ചായത്തുകളുടെ സകല റിക്കാർഡുകളും, നടപടികളും കൊല്ലത്തിൽ ഒരുതവണയെങ്കിലും പഞ്ചായത്തു ഡയറക്ടറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ആരെങ്കിലുമോ പരിശോധിക്കേണ്ടതാണ്. വരവുചെലവു കണക്ക് ആണ്ടോടാണ്ട് ലോക്കൽഫണ്ടുകൾ പരിശോധിക്കുന്നതിനായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ * ആഡിററു ചെയ്തിരിക്കണം. പരിശോധനാഉദ്യോഗസ്ഥന്മാൎക്കും ആഡിററന്മാൎക്കും അവരുടെ ജോലികൾ കാൎയ്യക്ഷമമായി നിറവേററുന്നതിനുവേണ്ട സൗകൎയ്യങ്ങൾ പഞ്ചായത്തു കാൎയ്യനിൎവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തുകൊടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. ആയത് സാദ്ധ്യമാക്കിത്തീൎക്കുന്നതിന് ആവശ്യമായ അധികാരങ്ങൾ ആ ഉദ്യോഗസ്ഥന്മാൎക്ക് നിയമാനുസരണം നൽകിയിട്ടുമുണ്ട്.

ആഡിററിൽ കണ്ടുപിടിക്കപ്പെടുന്ന ക്രമക്കേടുകൾ, ആഡിററർ പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ആയതു ശരിപ്പെടുത്തി വിവരം ലോക്കൽഫണ്ട് ആഡിററു ഡിപ്പാർട്ടുമെൻറിനെ അറിയിക്കേണ്ടതുമാണ്. ചട്ടങ്ങൾക്കു വിപരീതമായി ചെലവിടുന്ന ഏതു തുകയും ആഡിററർ അനുവദിക്കുവാൻ പാടില്ലാത്തതും, ആയത് ചെലവിടുന്ന ആളിൽനിന്നും ഈടാക്കേണ്ട തുകയായി കണക്കാക്കേണ്ടതും കരക്കുടിശ്ശിക പിരിച്ചെടുക്കുന്ന വിധത്തിൽ ഈടാക്കാവുന്നതുമാണ്.

---

* Examiner of Local Fund Accounts

എല്ലാ പഞ്ചായത്തുകളുടേയുമോ, അല്ലെങ്കിൽ ഏതെങ്കിലും പഞ്ചായത്തുകളുടേയോ, പ്രവൎത്തനം പരിശോധിക്കുന്നതിനോ, അവയുടെ മേലന്വേഷണം നടത്തുന്നതിനോ, ആവശ്യപ്പെടാവുന്ന ഉദ്യോഗസ്ഥന്മാരെ ഗവൎമ്മെൻറിനോ, ഗവൎമ്മെൻറനുവാദത്തോടുകൂടി ഡയറക്ടർക്കോ നിയമിക്കാം. ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാൎക്ക് പഞ്ചായത്തിൻെറ സകല റിക്കാർഡുകളും പ്രവൎത്തനങ്ങളും പരിശോധിക്കുന്നതിന് അധികാരമുണ്ട്. അവൎക്കാവശ്യമെന്ന് തോന്നുന്ന പഞ്ചായത്തു വസ്തുക്കളിലോ വളപ്പുകളിലോ പ്രവേശിക്കുവാനും, സകല രേഖകളും പരിശോധിക്കുവാനും ഉള്ള സൗകൎയ്യം ന്യായമായ ഏതു സമയത്തും നൽകുന്നതിന് പഞ്ചായത്തധികാരികളും പഞ്ചായത്തുദ്യോഗസ്ഥന്മാരും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

പഞ്ചായത്തു പാസാക്കുന്നതോ നൽകുന്നതോ ആയ ഏതെങ്കിലും നിശ്ചയങ്ങളും ഉത്തരവുകളും, ലൈസൻസുകളും, അനുവാദങ്ങളും നിയമപ്രകാരമല്ലന്നോ, പൊതുജനങ്ങൾക്ക് ദൂഷ്യമുണ്ടാകുന്നതാണന്നോ, സമാധാനപരിപാലനത്തിന് തടസ്സം വരുത്തുന്നതാണന്നോ, പൊതുകാരണങ്ങളാൽ അന്യഥാ ആക്ഷേപത്തിന് നിദാനമാണെന്നോ ഡയറക്ടൎക്ക് അഭിപ്രായമുണ്ടെങ്കിൽ ആയതു് റദ്ദു ചെയ്യുന്നതിനോ, നിറുത്തിവയ്ക്കുന്നതിനോ അദ്ദേഹത്തിനധികാരമുണ്ട്.

ഒരു പഞ്ചായത്തു് ചെയ്യേണ്ടതായ ഏതെങ്കിലും പ്രവൃത്തി ഉടനടി ചെയ്യേണ്ടതു് പൊതുജനരക്ഷയ്ക്കു് ആവശ്യമാണെന്നു് ഡയറക്ടൎക്കോ, ഗവൎമ്മെൻറ്റു് അധികാര

പ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ തോന്നുന്നപക്ഷം ആയതു ചെയ്യുന്നതിന് പഞ്ചായത്തിൻെറ ചെലവിൽ ഏർപ്പാടുചെയ്യാവുന്നതാണ്.

അതുപോലെതന്നെ, ചുമതലപ്പെട്ട എന്തെങ്കിലും ഒരു കൃത്യം നിർവ്വഹിക്കുന്നതിന് പഞ്ചായത്ത് വീഴ്ചവരുത്തിയാൽ ഡയറക്ടർക്കോ, ഗവർമ്മൻറ് അധികാരപ്പെടുത്തുന്ന വേറെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ആയതുചെയ്യുന്നതിന് കാലാവധിവച്ച് നോട്ടീസ് നൽകാവുന്നതും, പ്രസ്തുത കാലാവധിക്കകം നിർവ്വഹിക്കാതിരിക്കുന്നപക്ഷം അതു് നിർവ്വഹിക്കുന്നതിനായി വേണ്ട ഏർപ്പാടുകൾ ചെയ്യാവുന്നതും അതിലേക്ക് വേണ്ടിവരുന്ന ചെലവ് പഞ്ചായത്തുഫണ്ടിൽനിന്നും കൊടുക്കുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്. ഏല്പിച്ചിട്ടുള്ള ചുമതലകൾക്ക് വീഴ്ചവരുത്തി പൊതുതാല്പര്യങ്ങൾക്ക് ഹാനിവരുത്താതിരിക്കുന്നതിനുവേണ്ടിയാണ് ഈ വ്യവസ്ഥകൾ ആക്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്.

ആക്ടിലേയോ, ചട്ടത്തിലേയോ, അല്ലങ്കിൽ അവയനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിയമാനുസൃതമായ ഏതെങ്കിലും ഉത്തരവുകളിലേയോ നിർദ്ദേശങ്ങളെ നടപ്പിൽ വരുത്തുന്നതിന് മനഃപൂർവ്വം ഉപേക്ഷകാണിക്കുകയോ, കൂട്ടാക്കാതിരിക്കുകയോ, അല്ലങ്കിൽ തന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളെ ദുരുപയോഗപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും പ്രസിഡൻറിനേയോ, വൈസ് പ്രസിഡൻറിനേയോ, ഗവമ്മെൻറിന് നീക്കംചെയ്യുവാൻ അധികാരമുണ്ടു്. അതുപോലെതന്നെ ഒരംഗമെന്ന നിലയിൽ തൻെറ കൃത്യനിർവ്വഹണത്തിൽ വല്ല ദുസ്നടത്ത

യുംമൂലം അപരാധിയായിട്ടുള്ള ഏതെങ്കിലും അംഗത്തേയും നീക്കംചെയ്യാം. മനഃപൂർവ്വമായി പഞ്ചായത്തുഭരണം കുഴപ്പത്തിലാക്കുന്നതിൽനിന്നും മെമ്പറന്മാരെതടയുന്നതിന് ഈ വ്യവസ്ഥകൾ വളരെ സഹായകമായിത്തീരുന്നതാണു്.

പ്രസിഡൻറിൻേറയോ വൈസ്പ്രസിഡൻറിൻേറയോ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്നതിനും ആക്ടിൽ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ടു്. പഞ്ചായത്തുതാല്പര്യങ്ങൾക്ക് ഹാനികരമായ രീതിയിൽ പെരുമാറുന്ന പ്രസിഡൻറന്മാരേയും, വൈസ് പ്രസിഡൻറന്മാരേയും നീക്കംചെയ്തു്, പുതുതായി തെരഞ്ഞെടുപ്പു് നടത്തി, യോഗ്യന്മാരായവരെ ആ സ്ഥാനങ്ങളിൽ അവരോധിക്കുന്നതിന് മെമ്പറന്മാൎക്ക് ഈ നടപടിമൂലം അവകാശം ലഭിക്കുന്നു. എന്നാൽ, അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിൽ പല നിയന്ത്രണങ്ങളും ഏൎപ്പെടുത്തിയിട്ടുണ്ടു്. ഇവ, അനാവശ്യമായി, സ്ഥാപിതതാല്പര്യങ്ങൾ സാധിക്കുന്നതിനും മററുമായി അവിശ്വാസം രേഖപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ തടയുന്നതാണു്.

അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനു മുമ്പായി, പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള മെമ്പറന്മാരിൽ പകുതിയിൽ കുറയാതെ അംഗങ്ങൾ ഒപ്പിട്ടു് രേഖാമൂലമായ ഒരു നോട്ടീസ്, അപ്രകാരം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രമേയത്തിൻെറ ഒരു പകർപ്പുസഹിതം, ആ നോട്ടീസിൽ ഒപ്പിടുന്ന അംഗങ്ങളിൽ ആരെങ്കിലും രണ്ടുപേർ ചേൎന്ന് നേരിട്ടു ഡയറക്ടറെ ഏല്പിക്കേണ്ടതാണ്. നോട്ടീസ് ലഭിച്ചു മുപ്പതുദിവസത്തിനകം പതിന

ച്ചുദിവസത്തെ നോട്ടീസു നൽകി,ഡയറക്ടറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ,ആ പ്രമേയത്തെപ്പററി ആലോചിക്കുന്നതിന് പഞ്ചായത്താഫീസിൽ മീററിംഗ് വിളിച്ചുകൂട്ടേണ്ടതാണ്. ആ മീററിംഗിൽ, ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ആരെങ്കിലുമോ അദ്ധ്യക്ഷം വഹിക്കണം. പഞ്ചായത്തിന് ആകെ അനുവദിച്ചിട്ടുള്ള അംഗങ്ങളിൽ അഞ്ചിൽ മൂന്നുഭാഗത്തിൽ കുറയാത്തുള്ളവരുടെ ആനുകൂല്യത്തോടുകൂടി ആയിരിക്കണം പ്രമേയം പാസ്സാക്കേണ്ടതു്. പ്രമേയം പാസ്സായി, രണ്ടുദിവസങ്ങൾക്കുള്ളിൽ പ്രസിഡൻേറാ, വൈസ് പ്രസിഡൻേറാ, സന്ദർഭാനുസരണം ഉദ്യോഗം രാജിവെയ്ക്കാതിരുന്നാൽ ഗവമ്മെൻറിന് പരസ്യംമൂലം അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നും നീക്കംചെയ്യാം. മേൽപ്പറഞ്ഞ ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസാകാതിരിക്കുകയോ അല്ലെങ്കിൽ കോറംതികയാത്തതുമൂലം യോഗം കൂടാതിരിക്കുകയോ ചെയ്താൽ, ആ പ്രസിഡൻറിലോ, വൈസ്പ്രസിഡൻറിലോ വിശ്വാസമില്ലെന്നുള്ള വേറൊരുപ്രമേയം ആറുമാസത്തേയ്ക്കു അവതരിപ്പിക്കപ്പെടുവാൻ അനുവദിക്കുന്നതല്ല. അവിശ്വാസപ്രമേയം ഒരു പ്രസിഡൻേറാ,വൈസ്പ്രസിഡൻേറാ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുമുതൽ ആറുമാസകാലത്തേയ്ക്കു സ്വീകരിക്കുവാൻപാടില്ല.

പഞ്ചായത്തുകളെ പിരിച്ചുവിടുകയും വേണ്ടെന്നുവയ്ക്കുകയും ചെയ്യുവാൻ ഗവമ്മെൻറിന് അധികാരമുണ്ടു്. ഏതെങ്കിലും പഞ്ചായത്തിന് ചുമതലകൾ നിവ്വഹിക്കുവാൻ ശേഷിയില്ലാതെ വരികയോ, അല്ലെങ്കിൽ അതു്

അവ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ചവരുത്തുകയോ, അല്ലെങ്കിൽ അധികാരങ്ങളെ കവിഞ്ഞു പ്രവർത്തിക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്താൽ ഗവൺമെൻറിന് ആ പഞ്ചായത്തു പിരിച്ചുവിട്ട് അതിനെ പുനഃസംഘടിപ്പിക്കാം. ആവശ്യമെന്നു തോന്നുന്നപക്ഷം, ഒരു നിർദ്ദിഷ്ടതീയതിമുതൽ രണ്ടുകൊല്ലത്തിൽ കവിയാത്ത കാലത്തേക്ക് ആ പഞ്ചായത്തു വേണ്ടെന്നുവയ്ക്കുകയും ചെയ്യാവുന്നതാണ്.

ഇങ്ങനെ, പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ, അവയുടെ പ്രവർത്തനം പൊതുജനോപകാരപ്രദമായ രീതിയിൽ കാര്യക്ഷമമായി നടത്തുന്നതിന് സഹായകമായിത്തീരുന്നതാണെന്നു പ്രതീക്ഷിക്കാം.

## 9 തെരഞ്ഞെടുപ്പ്

പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുരീതി സ്റ്റേററസംബ്ലി തെരഞ്ഞെടുപ്പിനെ അനുകരിച്ചുള്ളതാണ്. അതേപ്പററിയുള്ള പൂർണ്ണവിവരങ്ങൾ ആക്റ്റ് 8 മുതൽ 17വരെയും റൂൾ 5 മുതൽ 82 വരെയും വകുപ്പുകളിൽ അടങ്ങിയിരിക്കുന്നു.

തെരഞ്ഞെടുപ്പിനുവേണ്ടി പഞ്ചായത്തുകളെ വാർഡുകളായി വിഭജിക്കുന്നതിന് ആക്റ്റ് 8-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഓരോ പഞ്ചായത്തിനേയും സൗകര്യപ്രദമായ രീതിയിൽ വാർഡുകളായി തിരിച്ച് ഓരോ വാർഡിനും പ്രാതിനിധ്യം ലഭിക്കത്തക്ക

വിധത്തിലാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടതു്. ഈ വ്യവസ്ഥ, പഞ്ചായത്തിൻെറ ശ്രദ്ധ അധികാരപരിധി മുഴുവൻ വ്യാപിക്കുന്നതിന് സഹായകമായിത്തീരുന്നു. ഒരു പഞ്ചായത്തുപ്രദേശത്തെ, സംവരണം ചെയ്യാത്ത എത്ര സ്ഥാനങ്ങളുണ്ടോ അത്രയും വാർഡുകളായാണ് വിഭജിക്കേണ്ടതു്. ഓരോ വാർഡിനും ഓരോ മെംബറെ തെരഞ്ഞെടുക്കാം. സംവരണത്തിനവകാശമുള്ള പഞ്ചായത്തുകളിൽ പട്ടികജാതിക്കാരും വർഗ്ഗക്കാരും കൂടുതലുള്ള വാർഡിൽ സംവരണം അനുവദിക്കുന്നതാണ്. സംവരണസ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കേണ്ടതു് ആ വാർഡിൽപെട്ട സകല സമ്മതിദായകന്മാരുംകൂടി ആയിരിക്കണം; അല്ലാതെ, പട്ടികജാതിക്കാർ മാത്രം ചേർന്നല്ല. അങ്ങിനെ ആ വാർഡിലുള്ള സമ്മതിദായകർക്ക് ഒരേ സമയം രണ്ടുപേർക്ക് വോട്ടുചെയ്യുവാനുള്ള അവകാശം സിദ്ധിക്കുന്നു.

പഞ്ചായത്തുകളെ വാർഡുകളായി തിരിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ ഗവമ്മെൻറിൽനിന്നും പരസ്യം ചെയ്തിട്ടുണ്ട് *. എല്ലാ പഞ്ചായത്തുകളിലുമായി നാലായിരത്തിമുപ്പതിൽപരം വാർഡുകളാണുള്ളതു്. അതിൽ നാനൂററിനാല്പത്തിഒൻപതിൽപരം വാർഡുകളിൽ സംവരണം അനുവദിച്ചിട്ടുണ്ട്.

സ്റ്റേററസംബ്ലിയിലേക്ക് മെമ്പറന്മാരെ തെരഞ്ഞെടുക്കുന്നതിന് ഓരോ നിയോജകമണ്ഡലങ്ങളിലും ചെയ്തി

---

* Govt. Notifications No EL 1-13446/52/EHLSG Dated 16-1-1953 And 5-2-1953

രുന്ന സകല ഏർപ്പാടുകളും പഞ്ചായത്തുതെരഞ്ഞെടുപ്പിനായി ഓരോവാർഡിലും ചെയ്തിരിക്കണം. തൊണ്ണൂററിഏഴുനിയോജകമണ്ഡലങ്ങളായാണല്ലോ അസംബ്ലി തെരഞ്ഞെടുപ്പിന് സ്റ്റേററിനെ വിഭജിച്ചിട്ടുള്ളത്. പഞ്ചായത്തുതെരഞ്ഞെടുപ്പിനുള്ള ഒരു നിയോജകമണ്ഡലം ഒരു വാർഡാണ്. ആ നിലയ്ക്ക് നാലായിരത്തിമുപ്പതിൽ പരം നിയോജകമണ്ഡലങ്ങളിലാണ് തെരഞ്ഞെടുപ്പു നടത്തേണ്ടത്. ആകെ നാലായിരത്തിഎഴുനൂററിഎഴുപത്തിരണ്ടുപേരെ തെരഞ്ഞെടുക്കുകയും വേണം.

അസംബ്ലിതെരഞ്ഞെടുപ്പുപോലെ പഞ്ചായത്തുതെരഞ്ഞെടുപ്പും ബാലട്ടു മുഖാന്തിരമായിരിക്കും. ഓരോ സ്ഥാനാർത്ഥിക്കും പ്രത്യേകം ചിഹ്നങ്ങളും ഉണ്ടായിരിക്കുന്നതാണ്.

താഴെപറയുന്ന ചിഹ്നങ്ങളാണ് ഗവർമ്മെൻറ് നിശ്ചയിച്ചിട്ടുള്ളത്.

1. നുകംവെച്ച കാളകൾ (ഇന്ത്യൻനാഷനൽ കാൺഗ്രസ്)
2. കുടിൽ (പ്രജാസോഷ്യലിസ്റ്റ് പാർട്ടി)
3. മൺവെട്ടിയും കൊടിലും (റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി)
4. വണ്ടി (തമിഴ്നാട്ടു കോൺഗ്രസ്സ്)
5. കുടം (തിരുവിതാംകൂർ തമിഴ്നാട്ടു കോൺഗ്രസ്സ്)
6. അമ്പും വില്ലും (തമിഴ്നാട്ട് ജനകീയമുന്നണി)
7. ഏണി (കേരളാ സോഷ്യലിസ്റ്റ് പാർട്ടി)

8. ത്രാസ് (തിരുവിതാംകൂർ-കൊച്ചി റിപ്പബ്ലി
ക്കൻ പാർട്ടി)
9. പുഷ്പം (കൊച്ചിൻ പാർട്ടി)
10. ബോട്ട് (പട്ടികജാതിനാഷനൽഫെഡറേഷൻ)
11. നിൽക്കുന്ന സിംഹം (പട്ടികജാതി പ്രോഗ്രസി
വ് പാർട്ടി കേരളകമ്മിററി)
12. കത്തുന്നപന്തം (റവല്യൂഷണറി കമ്മ്യൂണിസ്റ്റ്
പാർട്ടി)
13. വൃക്ഷം
14. കൈപ്പത്തി
15. കുതിര
16. ഉദയസൂര്യൻ
17. ആന
18. കതിരും അരിവാളും
19. നക്ഷത്രം
20. കർഷകൻ ധാന്യം പതിരുപിടിക്കുന്നത്
21. വിളക്ക്
22. പൂവൻകോഴി
23. റെയിൽവെ ഇഞ്ചിൻ
24. സൈക്കിൾ
25. ഒട്ടകം
26. രണ്ടിലകൾഉള്ള ഒരുകൊമ്പ്

ആകെയുള്ള ഇരുപത്തിയാറു ചിഹ്നങ്ങളിൽ പന്ത്ര ണ്ടെണ്ണം രാഷ്ട്രീയപാർട്ടികൾ പ്രത്യേകമായുള്ളതാണ്.

സംവരണംചെയ്തിട്ടുള്ള ദ്വയാംഗവാർഡിൽ ഒരേ രാഷ്ട്രീയ കക്ഷിതന്നെ സംവരണസ്ഥാനത്തും സ്ഥാനാ

ത്ഥിയെ നിറുത്തുന്നു എങ്കിൽ രണ്ടുസ്ഥാനാത്ഥികൾക്കും ഒരേചിഹ്നം തന്നെ നൽകുന്നതാണു്. എന്നാൽ സംവരണസ്ഥാനത്തിനു് മത്സരിക്കുന്ന സ്ഥാനാത്ഥിയുടെ ചിഹ്നം ഒരു കറുത്ത വൃത്തത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കും.

പഞ്ചായത്തതൃത്തിയിൽ മുഴുവനുമായോ, വിഭാഗികമായോ ഉൾപ്പെടുന്ന അസംബ്ലിനിയോജകമണ്ഡലത്തിലെ വോട്ടറന്മാക്കല്ലാതെ മററാക്കും പഞ്ചായത്തുതെരഞ്ഞെടുപ്പിനായി തയ്യാറാക്കുന്ന സമ്മതിദായകലിസ്റ്റിൽ പേർ കൊള്ളിക്കുന്നതിനു് അവകാശമില്ലാത്തതാകുന്നു.

ജനപ്രാതിനിധ്യആക്ററും, റൂളും, അനുസരിച്ചു് പോസ്റ്റൽബാലട്ടുമുഖേന വോട്ടുചെയ്യുവാൻ അർഹതയുള്ളവക്കു് പഞ്ചായത്തിൻെറ സമ്മതിദായകപട്ടികയിൽ പേർ ഉൾപ്പെടുത്താൻ അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ, പോസ്റ്റൽ ബാലട്ടുമുഖേനയുള്ള വോട്ടു്, തെരഞ്ഞെടുപ്പുചുമതലവഹിക്കുന്ന ഉദ്യോഗസ്ഥന്മാക്കായിമാത്രം അനുവദിച്ചിട്ടുണ്ടു്. യാതൊരാളുടേയും പേരു് ഒരു പഞ്ചായത്തിൻെറ സമ്മതിദായകരജിസ്റ്ററിൽ ഒന്നിലധികം സ്ഥലത്തു് ഉൾപ്പെടുത്തുവാൻ പാടില്ല. അതുപോലെ രണ്ടുപഞ്ചായത്തുകളിൽ ഒരാളുടെപേർ ഉണ്ടായിരിക്കുവാനും പാടില്ല. പഞ്ചായത്തുപ്രദേശമോ അതിൽ ഏതെങ്കിലും ഭാഗമോ ഉൾക്കൊള്ളുന്ന അസംബ്ലിനിയോജകമണ്ഡലത്തിലേക്കുള്ള സമ്മതിദായകരജിസ്റ്ററുകൾപ്രസിദ്ധപ്പെടുത്തുകയോ, പുതുക്കുകയോ, ഭേദപ്പെടുത്തുകയോ ചെയ്താൽ കഴിയുന്നതുംവേഗം ആ പഞ്ചായത്തുപ്രദേശത്തേയ്ക്കുള്ള പ്രസ്തുത രജിസ്റ്ററുകളുടെ ഭാഗങ്ങളേയോ, അ

തിലുള്ള ഭേദഗതികളേയോ സന്ദർഭംപോലെ ആ പഞ്ചായത്തു പ്രദേശത്തേക്കുള്ള സമ്മതിദായകരജിസ്റ്ററായോ ആ രജിസ്റ്ററിലെ ഭേദഗതികളായോ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പഞ്ചായത്തുപ്രദേശത്തേക്കുള്ള സമ്മതിദായകലിസ്റ്റ് ഓരോ വാർഡിലേക്കുള്ള പ്രത്യേകഭാഗങ്ങളായി വിഭജിക്കേണ്ടതാണ്. പഞ്ചായത്തുസമ്മതിദായകലിസ്റ്റിൽ എന്തെങ്കിലും തിരുത്ത് വേണ്ടിവരുന്നപക്ഷം ആയത്, യുക്തമെന്നു വിചാരിക്കുന്ന അന്വേഷണനടപടികൾക്കുശേഷം, തെരഞ്ഞെടുപ്പധികാരസ്ഥൻ, സംഗതമായ അസംബ്ലിനിയോജകമണ്ഡലത്തിലേക്കുള്ള റജിസ്റ്ററിനോട് അനുയോജ്യമാക്കുന്നതിനായി ഭേദഗതികൾ പ്രസിദ്ധപ്പെടുത്താവുന്നതാണ്.

ഒരു പഞ്ചായത്തിന്റെ കാലാവധി സാധാരണയായി മൂന്നുകൊല്ലമാണ്. ഏതെങ്കിലും പഞ്ചായത്തുകളുടെ കാലാവധി വേണമെന്നുള്ളപക്ഷം നിശ്ചിതകാലത്തേക്ക് നീട്ടുന്നതിന് ഗവമ്മെൻറിനധികാരമുണ്ട്.

സ്ഥാനാത്ഥികളായി മത്സരിക്കുന്നവരുടെ പേരു് പഞ്ചായത്ത് ഇലക്റ്ററൽറോളിൽ ഉണ്ടായിരിക്കേണ്ടതാണ്. അവക്ക് 25 വയസ്സ് തികഞ്ഞിരിക്കുകയും വേണം. പട്ടികജാതിയിലോ വഗ്ഗത്തിലോ പെട്ടവക്ക് മാത്രമേ സംവരണസ്ഥാനത്ത് മത്സരിക്കുവാൻ പാടുള്ളു. ചില അയോഗ്യതകൾ ഉള്ളവക്ക് സ്നാത്ഥികളായി മത്സരിക്കുവാൻ പാടില്ല എന്ന് ആക്റ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രാധാന്യമർഹിക്കുന്ന അയോഗ്യതകൾ താഴെപ്പറയുന്നവയാണ്.

1. അക്രമാസക്തമല്ലാത്തതും രാഷ്ട്രീയ സ്വഭാവത്തോടുകൂടിയതുമായ ഒരു കുററമോ, സാന്മാഗ്ഗികദൂഷ്യം

ഉൾപ്പെടാത്തതായ ഒരു കുററമോ അല്ലാതെയുള്ള കുററങ്ങൾ ചെയ്തതിന് ഒരു ക്രിമിനൽ കോടതിയിൽനിന്നും ആറുമാസത്തിൽ കൂടുതൽ കാലത്തെയ്ക്കു് തടവുശിക്ഷ വിധിക്കപ്പെട്ടു് ആ വിധി വ്യത്യാസപ്പെടുത്തുകയോ അല്ലെങ്കിൽ മാപ്പു നൽകുകയോ, ശിക്ഷാകാലാവധി കഴിഞ്ഞു് അഞ്ചുകൊല്ലം കഴിയുകയോ ചെയ്യാതിരിക്കുക. എന്നാൽ ആ ശിക്ഷകൾ ഒരു അയോഗ്യതയായി തീരുന്നതല്ലെന്നു് ഗവമ്മെൻറിനു് നിർദ്ദേശിക്കാവുന്നതാണു്.

2. പഞ്ചായത്തുമായി എന്തെങ്കിലും കരാറിൽ ഏറ്റപ്പെട്ടിട്ടുള്ളതും, അൻപതിൽ കുറയാതെ ഓഹരിക്കാരുള്ളതും ആയ ഒരു കമ്പനിയിൽ ഒരു വെറും ഷെയർ ഹോൾഡർ എന്നുള്ള നിലയിലല്ലാതെ താല്പര്യമുണ്ടായിരിക്കുക.

3. പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ, സിൽബന്ധിയോ, പഞ്ചായത്തുപ്രദേശത്തിൻെറ ഏതെങ്കിലും ഭാഗത്തു് വിചാരണാധികാരമുള്ള ഒരു ആണററിമജിസ്ട്രേട്ടോ ആയിരിക്കുക.

4. മറെറാരു പഞ്ചായത്തിലേയോ, മുനിസിപ്പാലിററിയിലേയോ മെമ്പറായിരിക്കുക.

5. പഞ്ചായത്തിനുവേണ്ടി പ്രതിഫലം പററുന്ന വക്കീലായോ അല്ലെങ്കിൽ പഞ്ചായത്തിനെതിരായി വക്കാലത്തു പിടിക്കുകയോ ചെയ്യുക.

6. മുൻകൊല്ലംവരെ പഞ്ചായത്തിനു കൊടുക്കേണ്ട തുകയിൽ കുടിശിക വരുത്തിയിരിക്കുക.

7. ഗവമ്മെൻറു സർവ്വീസിൽനിന്നോ, അല്ലെങ്കിൽ

ഗവമ്മെൻറംഗീകരിച്ചിട്ടുള്ള മറേറതെങ്കിലും സവ്വീസിൽ നിന്നോ ഡിസ്മിസ് ചെയ്യപ്പെടുകയോ ചെയ്യിരിക്കുക.

8. ഒരു ഗവമ്മെൻറുദ്യോഗസ്ഥനായിരിക്കുക.

9. ഒരു അഡ്വക്കേററായിട്ടോ വക്കീലായിട്ടോ പ്രാക്ടീസ് ചെയ്യുന്നതിന് നിരോധിക്കപ്പെട്ടിരിക്കുക.

തിരുവിതാംകൂർ ശിക്ഷാനിയമം അദ്ധ്യായം9 (എ), കൊച്ചി ശിക്ഷാനിയമം അദ്ധ്യായം 8 (എ), അല്ലങ്കിൽ ഒരു തെരഞ്ഞെടുപ്പിൻെറ ഗോപ്യതയുടെ ലംഘനം സംബന്ധിച്ച ഏതെങ്കിലും നിയമം, ഇവ അനുസരിച്ച് ശിക്ഷിക്കാവുന്ന ഒരു കുററത്തിന് ശിക്ഷിക്കപ്പെട്ട ഏതൊരാളും വോട്ടുചെയ്യുന്നതിനോ തെരഞ്ഞെടുക്കപ്പെടുന്നതിനോ, അംഗത്തിൻെറ ഉദ്യോഗം വഹിക്കുന്നതിനോ അയാളുടെ ശിക്ഷയുടെ തീയതിമുതൽ അഞ്ചുവർഷക്കാലത്തേയ്ക്കോ അല്ലങ്കിൽ ഗവണ്മെൻറുത്തരവുമൂലം നിശ്ചയിക്കാവുന്ന അതിലുംകുറഞ്ഞ കാലത്തേക്കോ അയോഗ്യനായിരിക്കുന്നതാണ്.

തെരഞ്ഞെടുപ്പുസംബന്ധമായുള്ള സംഗതികൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രധാന അധികാരസ്ഥൻ1 ഓരോ ഡിസ്ട്രിക്റ്റിൽ അതതു ഡിസ്ട്രിക്ടിലെ അസിസ്റ്റൻറ് ഡയറക്ടരോ ഡയറക്ടർ നിർദ്ദേശിക്കുന്ന ആരെങ്കിലുമോ ആയിരിക്കുന്നതാണ്. പ്രത്യേകം നിയമിക്കപ്പെടുന്ന തെരഞ്ഞെടുപ്പുദ്യോഗസ്ഥന്മാരുടെ 2ചുമതല

1 Election Authority
2 Election Officer

യിലാണ് ഓരോ പഞ്ചായത്തുകളിലേയും തെരഞ്ഞെടുപ്പ് നടത്തേണ്ടത്. ഇലക്ഷൻ ആഫീസറന്മാർ, പഞ്ചായത്ത് ഇൻസ്പെക്ടറന്മാരോ ഇലക്ഷൻ അതാറട്ടി നിയമിക്കുന്ന മററാരെങ്കിലുമോ ആയിരിക്കും. സമ്മതിദായകലിസ്റ്റ് പരസ്യപ്പെടുത്തുക, നാമനിർദ്ദേശപത്രിക സ്വീകരിക്കുക, വോട്ടുകൾ എണ്ണിതിട്ടപ്പെടുത്തുക മുതലായജോലികൾ ഇലക്ഷൻ ആഫീസറന്മാരാണ് നിർവ്വഹിക്കേണ്ടത്.

തെരഞ്ഞെടുപ്പുസംബന്ധമായ പ്രാരംഭനടപടി എലക്റ്ററൽ റോൾസ് പ്രസിദ്ധപ്പെടുത്തുകയാണ്. പരസ്യം ചെയ്ത റോൾസിൻെറ പ്രതികൾ വില്പനയ്ക്കായി ഇലക്ഷൻ ആഫീസറുടെ ആഫീസിലും പഞ്ചായത്താഫീസിലും സൂക്ഷിക്കണം. തെരഞ്ഞെടുപ്പ് തീയതിക്ക് 30 ദിവസങ്ങൾക്കെങ്കിലും മുൻപായി, തെരഞ്ഞെടുപ്പു നടത്തുന്ന പഞ്ചായത്തു വാർഡുകളുടെ പേരുകൾ, തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ എണ്ണം, നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനും, അവ പരിശോധിക്കുന്നതിനും, തെരഞ്ഞെടുപ്പു നടത്തുന്നതിനും തീരുമാനിച്ചിട്ടുള്ള തീയതികൾ മുതലായ വിവരങ്ങൾ കാണിക്കുന്ന ഒരു നോട്ടീസ് അതതു പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു നടത്തുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരസ്യം ചെയ്യേണ്ടതാണ്.

നോട്ടീസ് തീയതിക്കും നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള തീയതിക്കും തമ്മിൽ ഏഴും, പത്രികകൾ പരിശോധിക്കുന്നതിനുള്ള തീയതിക്കും തെരഞ്ഞെടുപ്പു തീയതിക്കും തമ്മിൽ ഇരുപതും ദിവസങ്ങളുടെ ഇടയെങ്കിലും ഉണ്ടായിരിക്കണം.

നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതു നിർദ്ദിഷ്ട ഫാറത്തിലായിരിക്കണം. ഫാറം വിലകൂടാതെ ഇലക്ഷൻ ആഫീസിൽനിന്നും സമ്മതിദായക ലിസ്റ്റിൽ പേരുള്ളവക്ക് ലഭിക്കുന്നതാണ്. ഒരാൾക്ക് ഒരു പഞ്ചായത്തിൽ എത്ര സ്ഥാനങ്ങളുണ്ടോ അത്രയും സ്ഥാനങ്ങളിലും വേണമെങ്കിൽ മത്സരിക്കാം. ഓരോ നാമനിർദ്ദേശപത്രികയും അതതു വാർഡിലെ സമ്മതിദായകലിസ്റ്റിൽ പേരുള്ള രണ്ടുപേർ—ഒരാൾ നിർദ്ദേശകനായും മറെറാരാൾ പിൻതാങ്ങുന്ന ആളായും—ഒപ്പിട്ടിരിക്കേണ്ടതാണ്. സ്ഥാനാത്ഥിയായി നില്ക്കുന്നതിന് സമ്മതമാണെന്ന് നിർദ്ദേശപത്രികയിൽ സ്ഥാനാർത്ഥി രേഖപ്പെടുത്തിയിരിക്കുകയും വേണം. ഓരോ സ്ഥാനാത്ഥിയും ഓരോ സ്ഥാനത്തേക്കും പ്രത്യേകം നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ടതാണ്. നിർദ്ദേശപത്രികയിൽ തന്നെ ആവശ്യമുള്ള ചിഹ്നത്തിൻെറ വിവരംകൂടി കാണിച്ചിരിക്കണം. ഒരാൾക്ക് ആവശ്യമുള്ള ക്രമമനുസരിച്ച് മൂന്നു ചിഹ്നങ്ങൾ നിർദ്ദേശിക്കാം. നിർദ്ദേശപത്രിക നേരിട്ടോ, അല്ലെങ്കിൽ നിർദ്ദേശകനോ, പിൻതാങ്ങുന്നയാളോ മുഖാന്തിരമാണ് സമർപ്പിക്കേണ്ടതു്. ഒരു നിർദ്ദേശകൻ അല്ലെങ്കിൽ പിൻതാങ്ങുന്നയാൾ ഒഴിവുള്ള സ്ഥാനങ്ങളിൽ കൂടുതൽ നിർദ്ദേശപത്രികകളിൽ ഒപ്പിടുവാൻ പാടില്ല. അപ്രകാരം ചെയ്യുന്നപക്ഷം ആദ്യം സമർപ്പിക്കുന്നതും ആവശ്യമുള്ള സ്ഥാനങ്ങൾക്കുമാത്രം വേണ്ടിവരുന്നതുമായ നിർദ്ദേശപത്രികകൾ മാത്രമേ സ്വീകരിക്കുകയുള്ളു. ഒരു സ്ഥാനാർത്ഥിയുടെ നിർദ്ദേശപത്രിക ഏതെങ്കിലും കാരണവശാൽ തള്ളപ്പെട്ട

ന്നപക്ഷം ആയതു് അദ്ദേഹത്തിന്റെ ശരിയായ രൂപ
ത്തിലുള്ള മറെറാരു നിർദ്ദേശപത്രിക സ്വീകരിക്കുന്നതി
ന്നു ബാധകമാകുന്നതല്ല. സംവരണസ്ഥാനത്തേക്കു് സമപ്പി
ക്കുന്ന നാമനിർദ്ദേശപത്രികയിൽ സ്ഥാനാർത്ഥി അതിൽ
പറഞ്ഞിരിക്കുന്ന പട്ടികജാതിയിലോ വർഗ്ഗത്തിലോ
പെട്ട ആൾ ആണെന്നുള്ളതിന്നു് ഒരു മജിസ്ട്രേട്ട് മുൻ
പാകെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒരുപ്രതിജ്ഞ വേണ്ട
താണു്.

ഓരോ സ്ഥാനാർത്ഥിയും നാമനിർദ്ദേശപത്രിക സ
മർപ്പിക്കുന്നതിന്നു തീരുമാനിച്ചിട്ടുള്ള ദിവസമോ, അതി
ന്നു മുൻപാകയോ, ഇലക്ഷൻ ആഫീസരുടെ മുൻപാകെ
ഇരുപത്തിയഞ്ചുരൂപാ നിരതദ്രവ്യമായി അടയ്ക്കേണ്ടതാ
ണു്. ഒരു സ്ഥാനാർത്ഥി ഒന്നിൽ കൂടുതൽ വാർഡുക
ളിൽ മത്സരിക്കുന്നപക്ഷം ഓരോ വാർഡിന്നും പ്രത്യേ
കം തുക കെട്ടിവയ്ക്കണം. നിരതദ്രവ്യം തിരികെ നൽക
പ്പെടുന്നതാണു്. എന്നാൽ ചില പ്രത്യേക പരിതസ്ഥി
തികളിൽ അതു പഞ്ചായത്തു ഫണ്ടിലേക്കു മുതൽക്കൂട്ടപ്പെ
ടും. നാമനിർദ്ദേശപത്രികകൾ നിശ്ചിത തീയതിക്കു പ
രിശോധിക്കുന്നതും ചട്ടങ്ങൾക്കു വിധേയമായുള്ളവ സ്വീ
കരിക്കുന്നതുമാണു്. പത്രികകൾ തള്ളിയതിന്മേലുള്ള അ
പ്പീൽ കേൾക്കുന്നതിന്നുള്ള അധികാരം അതതു താലൂക്കി
ലെ തഹസീൽദാരന്മാരിലാണു് നിക്ഷിപ്തമായിരിക്കുന്നതു്.
തള്ളി മൂന്നു ദിവസങ്ങൾക്കുള്ളിൽ അപ്പീൽ നൽകിയിരി
ക്കണം. അപ്പീൽ വാദം കേട്ടശേഷം തഹസീൽദാർ അ
തിന്മേലുള്ള തന്റെ ഉത്തരവു് നിർദ്ദേശപത്രിക പരി
ശോധനക്കു് തീരുമാനിച്ചിരുന്ന തീയതിമുതൽ ഏഴുദിവ

സിക്കുകയും ഇലക്ഷൻ ആഫീസറെ അറിയിച്ചിരിക്കേണ്ടതാണ്. പരിശോധനതീയതി കഴിഞ്ഞു് 8-ാം ദിവസം പകൽ മൂന്നുമണിക്കു മുൻപെ ഇലക്ഷൻ ആഫീസക്കു് രേഖാമൂലമായ നോട്ടീസ് നൽകി ആക്കെങ്കിലും വേണമെങ്കിൽ സ്ഥാനാർത്ഥിത്വം പിൻവലിക്കാം. ഈ ദിവസം പബ്ലിക് ഒഴിവുദിവസമാണെന്നുള്ളപക്ഷം അടുത്ത ആഫീസ്ദിവസം പകൽ മൂന്നുമണിക്കു മുൻപായി പ്രസ്തുത നോട്ടീസ് നൽകിയിരിക്കേണ്ടതാണ്. ശേഷിക്കുന്നവക്കു് ഇലക്ഷൻ ആഫീസർ ചിഹ്നങ്ങൾ നല്കുന്നതാണ്. രാഷ്ട്രീയപാർട്ടികൾക്കായി ഗവമ്മെൻറു് ചിഹ്നങ്ങൾ നിർണ്ണയിച്ചിട്ടുള്ളപക്ഷം ആയതു് ആ പാർട്ടിയിൽപ്പെട്ട സ്ഥാനാർത്ഥികൾക്കു നൽകപ്പെടും.

ഒരു സ്ഥാനത്തേക്കു് ഒരു സ്ഥാനാർത്ഥി മാത്രമേ ഉള്ളുവെങ്കിൽ അയാൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി ഇലക്ഷൻ ആഫീസർ പ്രഖ്യാപിക്കുന്നതാണ്. യാതൊരുത്തരും നാമനിർദ്ദേശപത്രിക സമർപ്പിക്കാത്തപക്ഷം തെരഞ്ഞെടുപ്പുനടപടികൾ വീണ്ടും ആരംഭിക്കണം. ഒന്നിൽകൂടുതൽ സ്ഥാനാർത്ഥികളുള്ളപ്പോൾ നിശ്ചിതതീയതിക്കു വോട്ടുകൾ രേഖപ്പെടുത്തി തെരഞ്ഞെടുപ്പു നടത്തുന്നതാണ്.

കാലത്തു് ഏഴുമണിക്കും വൈകുന്നേരം അഞ്ചുമണിക്കും മദ്ധ്യേയുള്ള ഒൻപതുമണിക്കൂർ സമയത്തായിരിക്കും തെരഞ്ഞെടുപ്പു നടക്കുന്നതു്. ഇലക്ടറൽറോൾസ് പ്രസിദ്ധപ്പെടുത്തി ഏഴുദിവസിക്കുള്ളിൽതന്നെ വോട്ടിംഗ് നടക്കുന്ന പോളിംഗ്സ്റ്റേഷനുകളുടെ ഒരു ലിസ്റ്റ് ഇലക്ഷൻ

അതാർട്ടിയുടെ അനുവാദത്തോടുകൂടി ഇലക്ഷൻ ആഫീസർ പ്രസിദ്ധപ്പെടുത്തുന്നതാണ്.

പോളിംഗ്നടത്തുന്നതിനാവശ്യമായ പ്രിസൈഡിംഗ് ആഫീസർ,പോളിംഗ്ആഫീസർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരെ ഇലക്ഷൻ ആഫീസർ നിയമിക്കണം. എന്നാൽ അവരിൽ ആരുംതന്നെ ഏതെങ്കിലും ഒരു സ്ഥാനാർത്ഥിക്കുവേണ്ടി പ്രചരണംനടത്തിക്കൊണ്ടിരിക്കുന്ന ആൾ ആയിരിക്കുവാൻ പാടില്ല. അതുപോലെതന്നെ അതതു വാർഡിൽ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ ആ വാർഡിലെ മെമ്പറന്മാരോ ആ വാർഡിൽ വോട്ടുള്ള ആളുകളോ ആയിരിക്കുവാൻ പാടുള്ളതല്ല. വേണമെന്നുള്ളപക്ഷം പ്രിസൈഡിംഗ് ആഫീസറന്മാരുടെ സഹായത്തിന് വോട്ടറന്മാരെ തിരിച്ചറിയുന്നതിനായിഐഡൻറിഫൈംഗ് ആഫീസറന്മാരെ നിയമിക്കാം.

ബാലട്ട് പേപ്പർ ഏതുഫാറത്തിലായിരിക്കണമെന്നുംമററും പഞ്ചായത്തുരൂളിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

സ്ഥാനാർത്ഥികൾക്കു പോളിംഗ് ഏജൻറന്മാരെ നിയമിക്കാം.

സംവരണംചെയ്തിട്ടുള്ള വാർഡുകളിലെ വോട്ടറന്മാക്ക് രണ്ടു വോട്ടുകൾ ചെയ്യുന്നതിന് അവകാശമുണ്ടെന്നു മുകളിൽ പ്രതിപാദിച്ചുവല്ലൊ. അവിടെ ഓരോ വോട്ടിനും പ്രത്യേകം തിരിച്ചറിയത്തക്ക രീതിയിലുള്ള രണ്ടു ബാലട്ടുപേപ്പറുകൾ നൽകുന്നതാണ്. രണ്ടു വോട്ടും പൊതുസീററ്, സംവരണസീററ് എന്നുള്ള ഭേദംകൂടാതെ ഏ

ത്തു സീററിനും മത്സരിക്കുന്ന ആളാകെങ്കിലും രണ്ടുപേക്കു ന ല്കാം. ഒന്നു് സംവരണസ്ഥാനത്തിനു് മത്സരിക്കുന്ന സ്ഥാ നാത്ഥിക്കുതന്നെ നൽകണമെന്നില്ല. രണ്ടുവോട്ടും ഒരാൾ ക്കായി കൊടുക്കുവാൻ പാടില്ലെന്നുമാത്രം.

ആൾമാറാട്ടം തെളിയിക്കുവാൻ സാധിക്കുന്നതാ ണെന്നു് ഒരു സ്ഥാനാത്ഥിയൊ, അദ്ദേഹത്തിൻെറ ഏജ ൻെറാ പ്രതിജ്ഞചെയ്യുന്നപക്ഷം പ്രിസൈഡിംഗ് ആ ഫീസർക്കു് ആ ആൾമാറാട്ടം സംശയിക്കപ്പെട്ട ആളിൻെറ വോട്ടു് ഒരു തക്കവോട്ടായി പരിഗണിക്കാവുന്നതാണു്. എന്നാൽ അങ്ങനെയുള്ള ഓരോ വോട്ടും പരിഗണിക്ക പ്പെടുന്നതിനുമുൻപു് അയ്യഞ്ചുരൂപാവീതം രൊക്കം പ്രി സൈഡിംഗ്ആഫീസർമുമ്പാകെ തക്കിക്കുന്ന ആൾ നി ക്ഷേപിക്കേണ്ടതാണു്.

ഒരു സംവരണസീററും ഒരു പൊതുസീററും ഉള്ള വാർഡിൽ സംവരണസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെ ടുവാൻ യോഗ്യതയുള്ള രണ്ടുപേർമാത്രമേ സ്ഥാനാർത്ഥി കളായി ഉള്ളു എങ്കിൽ സംവരണസ്ഥാനം ആക്കാണു ന ല്കേണ്ടതെന്നു് ഇലക്ഷൻ ആഫീസർ കുറിയിട്ടു തീരുമാ നിക്കുന്നതാണു്. ശേഷിച്ച ആൾ പൊതുസീററിൽ തെ രഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടും. ഒരു സം വരണസ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തശേഷം, അതേ സ്ഥാനത്തേക്കു മത്സരിച്ച മറെറാരു സംവരണസ്ഥാ നാർത്ഥിക്കു് പൊതുസീററിൽ മത്സരിച്ചു് ഏററവും കൂടു തൽവോട്ടുകിട്ടിയ സ്ഥാനാർത്ഥിയേക്കാൾ കൂടുതൽ വോ ട്ടുകൾ ലഭിച്ചിട്ടുള്ളപക്ഷം അയാളെ പൊതുസീററിൽ തെരഞ്ഞെടുക്കപ്പെട്ടതായിഗണിക്കപ്പെടുന്നതാണു്. സ്ഥാ

നാർത്ഥികൾക്കു സമമായി വോട്ടുകൾ ലഭിക്കുന്നപക്ഷം കുറിയിട്ടു ഫലം തീർപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്.

ഒരാൾ ഒന്നിൽക്കൂടുതൽ വാർഡുകളിലേക്കോ പഞ്ചായത്തുകളിലേക്കോ തെരഞ്ഞെടുക്കപ്പെടുന്നപക്ഷം തെരഞ്ഞെടുപ്പുഫലം പ്രഖ്യാപിച്ചു് ഏഴുദിവസത്തിനകം താൻ ഏതു പഞ്ചായത്തിനേയോ വാർഡിനേയോ ആണ് പ്രതിനിധീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് ഇലക്ഷൻ അതോറട്ടിയെ രേഖാമൂലമായി അറിയിക്കേണ്ടതും ആ തീരുമാനം അവസാനതീരുമാനമായിരിക്കുന്നതുമാണ്. അപ്രകാരം അറിയിക്കാത്തപക്ഷം അയാളുടെ തെരഞ്ഞെടുപ്പു് അസാധുവായിത്തീരും.

തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം ഗവമെണ്ടുഗസറ്റിൽ പരസ്യപ്പെടുത്തുന്നതും പരസ്യം ചെയ്യുന്ന തീയതിമുതൽ അവക്ക് പഞ്ചായത്തുമെമ്പറന്മാരുടെ അവകാശങ്ങൾ സിദ്ധിക്കുന്നതുമാണ്.

തെരഞ്ഞെടുപ്പുറൂളുകളുടെ വ്യാഖ്യാനം സംബന്ധിച്ചു് ഉദിക്കുന്ന സകല പ്രശ്നങ്ങളുടേയും തീരുമാനം ഗവമ്മെൻറു ചെയ്യുന്നതും ആ തീരുമാനം അവസാനതീരുമാനമായിരിക്കുന്നതുമാണ്.

തെരഞ്ഞെടുപ്പു നടത്തുന്നതിനോ, നടത്തുന്നതിനു ഭാവിക്കുന്നതിനോ എടുക്കപ്പെടുന്ന യാതൊരു നടപടിയും സിവിൽ നടപടി നിയമത്തിലോ, തൽക്കാലം നിലവിലിരിക്കുന്ന വല്ല നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, നിരോധിച്ചുകൊണ്ട് യാതൊരു കോടതി

ക്കും വല്ല ശാശ്വത ഉത്തരവോ, താല്ക്കാലിക ഉത്തരവോ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

പഞ്ചായത്തു തെരഞ്ഞെടുപ്പുയോഗങ്ങളിൽ ബഹളങ്ങളുണ്ടാക്കുകയോ ബഹളങ്ങളുണ്ടാക്കുന്നതിനു പ്രേരണ നൽകുകയോ ചെയ്ക, വോട്ടെടുപ്പുദിവസം പോളിംഗ്സ്റ്റേഷനകത്തോ പ്രവേശനസ്ഥലത്തോ പരിസരങ്ങളിലോ ഉച്ചഭാഷിണികൾ ഉപയോഗിക്കുക, പോളിംഗ്സ്റ്റേഷന് നൂറുവാര അകലെവരെയുള്ള പ്രദേശങ്ങളിൽ വോട്ടു പിടിക്കുന്നതിനുവേണ്ടി പ്രചാരവേല ചെയ്യുക, ബാലട്ടു കടലാസ്സ് നശിപ്പിക്കുകയോ പോളിംഗ്സ്റ്റേഷനു വെളിയിൽ കൊണ്ടുപോകുകയോ ചെയ്ക, ബാലട്ടുപെട്ടിക്കകത്ത് ബാലട്ടുകടലാസല്ലാതെ മററന്തെങ്കിലും നിക്ഷേപിക്കുക മുതലായവ കുററകരങ്ങളായ പ്രവൃത്തികളാകുന്നു. പോളിംഗ്സ്ഥലത്ത് ആരെങ്കിലും ബഹളമുണ്ടാക്കുന്നതായി പ്രിസൈഡിംഗ് ആഫീസർക്കു തോന്നുന്നപക്ഷം അയാളെ അറസ്ററുചെയ്യുന്നതിന് അദ്ദേഹത്തിനു നിർദ്ദേശം നൽകാവുന്നതുംപോലീസ്സുദ്യോഗസ്ഥൻഅതനുസരിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

തെരഞ്ഞെടുപ്പിൻെറ ഗോപ്യത പ്രിസൈഡിംഗ് ആഫീസറോ, പോളിംഗ് ആഫീസറോ, പോളിംഗിൽ ഏർപ്പെട്ടിരിക്കുന്ന മറേറതെങ്കിലും ആഫീസറോ ഏതെങ്കിലുംവിധത്തിൽ ലംഘിക്കുന്നപക്ഷം അവരെ അൻപതുരൂപാവരെ ഫൈനിട്ട് ശിക്ഷിക്കാവുന്നതാണ്.

മെമ്പറന്മാരുടെ തെരഞ്ഞെടുപ്പുകഴിഞ്ഞാൽ ഉടൻതന്നെ പ്രസിഡൻറിനേയും വൈസ്പ്രസിഡൻറിനേയും

തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. തെരഞ്ഞെടുപ്പു നടത്തേണ്ടതു് അതിലേയ്ക്കുവേണ്ടി പ്രത്യേകം വിളിച്ചുകൂട്ടുന്ന മീററിംഗിൽ ആയിരിക്കണം. ആ മീററിംഗിൽ സ്ഥാനമൊഴിയുന്ന പ്രസിഡണ്ടോ, അല്ലെങ്കിൽ വൈസ് പ്രസിഡണ്ടോ രണ്ടുപേരും ഇല്ലാത്തപക്ഷം അതിനായി പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പറോ ആദ്ധ്യക്ഷം വഹിക്കണം. എന്നാൽ അദ്ധ്യക്ഷസ്ഥാനത്തിനു മത്സരിക്കുന്ന ഒരാൾ ആദ്ധ്യക്ഷം വഹിക്കുവാൻ പാടുള്ളതല്ല. ഒരു പഞ്ചായത്തിലെ ആദ്യത്തെ തെരഞ്ഞെടുപ്പാണെന്നുള്ളപക്ഷം ആദ്ധ്യക്ഷം വഹിക്കേണ്ടതു് ഡയറക്ടരോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തുന്ന ആരെങ്കിലുമോ ആയിരിക്കണം. മീററിംഗിനു് ഏഴുദിവസത്തിൽകുറയാതെയും പതിനഞ്ചുദിവസത്തിൽ കൂടാതെയുമുള്ള നോട്ടീസ് ആവശ്യമാണു്. തെരഞ്ഞെടുപ്പുവിവരം പൊതുജനങ്ങളേയും തെര്യപ്പെടുത്തിയിരിക്കണം.

പ്രസിഡണ്ടുസ്ഥാനാർത്ഥിയെ കുറഞ്ഞപക്ഷം രണ്ടുമെമ്പറന്മാരൊന്നിച്ചു നാമനിർദ്ദേശം ചെയ്തിരിക്കണം. മീററിംഗിനു് അഞ്ചുദിവസങ്ങൾക്കുമുൻപായിരിക്കണം നിർദ്ദേശപത്രിക സമർപ്പിക്കേണ്ടതു്. സ്ഥാനാത്ഥികളുടെ പേർ പ്രസിദ്ധപ്പെടുത്തികഴിഞ്ഞാൽ ഏതെങ്കിലും മെമ്പർക്കു് തെരഞ്ഞെടുപ്പുതീയതിക്കു് മൂന്നുദിവസങ്ങൾക്കുമുൻപെ ഡിസ്ട്രിക്ട് കളക്റ്റർ സമക്ഷം ഏതെങ്കിലും സ്ഥാനാത്ഥികളുടെ, പ്രസിഡണ്ടായി മത്സരിക്കുന്നതിനുള്ള അവകാശം ഒരു അപേക്ഷമൂലം ചോദ്യം ചെയ്യാവുന്നതാണു്. അപേക്ഷയിന്മേലുള്ള കളക്റ്ററുടെ തീരുമാനം അവസാനതീരുമാനമായിരിക്കും.

വൈസ്പ്രസിഡൻറിനെ തെരഞ്ഞെടുക്കുമ്പോൾ ഓരോ സ്ഥാനാർത്ഥിയേയും ഒരു മെമ്പർ നിർദ്ദേശിക്കുകയും മററൊരു മെമ്പർ പിൻതാങ്ങുകയും വേണം. പ്രസിഡൻറിനേയും, വൈസ്പ്രസിഡൻറിനേയും തെരഞ്ഞെടുക്കുന്ന മീററിംഗിൻെറ കോറം അനുവദിച്ചിട്ടുള്ള മെമ്പറന്മാരുടെ സംഖ്യയുടെ പകുതിയിൽ കുറയാൻ പാടില്ല. തെരഞ്ഞെടുപ്പ് ബാലട്ടുസമ്പ്രദായമനുസരിച്ചായിരിക്കും. രണ്ടിൽ കൂടുതൽപേർ മത്സരിക്കുന്നപക്ഷം ഏററവും കുറവ് വോട്ടുകിട്ടുന്ന ആളെ പുറംതള്ളി വീണ്ടും വോട്ടിംഗുനടത്തുന്നതും അങ്ങനെ രണ്ടുപേർ മാത്രം ശേഷിക്കുന്നതുവരെ തുടർച്ചയായി വോട്ടിംഗു നടത്തുന്നതുമാണ്. പിന്നത്തെ വോട്ടിംഗിൽ കൂടുതൽകിട്ടുന്ന ആൾ ജയിച്ചതായി പ്രഖ്യാപിക്കും. ഈ വോട്ടിംഗുനടപടിക്രമത്തിൽ ആർക്കെങ്കിലും സമാസമം വോട്ടുകൾ ലഭിക്കുന്നതായാൽ ജയമാർക്കാണെന്ന് കുറിയിട്ടു തീരുമാനിക്കും. സ്ഥാനാർത്ഥികൾ വോട്ടിംഗിൽ പങ്കെടുക്കുവാൻ പാടില്ല. എന്നാൽ സ്ഥാനാർത്ഥിത്വം എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതും അതിനുശേഷം വോട്ടുചെയ്യാവുന്നതുമാണ്. വോട്ടിംഗിൽ പുറംതള്ളപ്പെട്ട സ്ഥാനാർത്ഥിക്ക് വോട്ടിംഗിൽ പങ്കെടുക്കാം. തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരു് ഗസററിൽ പരസ്യപ്പെടുത്തുന്ന തീയതിമുതല്ക്കു് അവർ ജോലിയിൽ പ്രവേശിച്ചതായി ഗണിക്കപ്പെടുന്നതാണ്.

തെരഞ്ഞെടുപ്പു സംബന്ധമായ സകല തക്കങ്ങളും കേട്ടു തീരുമാനിക്കുന്നതിനുള്ള അധികാരം ഗവമ്മെൻറിൽനിന്നും നിയമിക്കപ്പെടുന്ന ഇലക്ഷൻ കമ്മീഷ്ണറ

ന്മാർക്കാണ്. അവരവരുടെ അധികാരപരിധിക്കുള്ളിൽ ഡിസ്ട്രിക്ട് മുൻസിഫന്മാരായിരിക്കും ഇലക്ഷൻ കമ്മീഷണറന്മാർ. തെരഞ്ഞെടുപ്പുഫലം പ്രഖ്യാപനം ചെയ്തു് ഏഴു ദിവസങ്ങൾക്കകം തക്കം സംബന്ധിച്ചുള്ള പെററീഷൻ അൻപതുരൂപാ സഹിതം കമ്മീഷണർ മുമ്പാകെ സമർപ്പിക്കണം. കൂടുതൽ ചെലവുകൾ എന്തെങ്കിലും വേണ്ടിവരുന്നപക്ഷം അതുംകൂടി നൽകുന്നതിനു് തയ്യാറാണെന്നുള്ളതിനു് ഒരുടമ്പടിയും എഴുതിവെക്കേണ്ടതാണ്.

പ്രസിഡൻറിനും, വൈസ് പ്രസിഡൻറിനും, മെമ്പറന്മാർക്കും അവരുടെ സ്ഥാനങ്ങൾ രാജിവെയ്ക്കുന്നതിനധികാരമുണ്ടു്. മെമ്പറന്മാരുടേയും വൈസ് പ്രസിഡൻറിൻെറയും രാജി പ്രസിഡൻറിനു് സ്വീകരിക്കാം. പ്രസിഡൻറിൻെറ രാജി പഞ്ചായത്താണ് സ്വീകരിക്കേണ്ടതു്.

തെരഞ്ഞെടുപ്പിനുശേഷം ഏതെങ്കിലും മെമ്പർ മുകളിൽ വിവരിച്ചിട്ടുള്ള എന്തെങ്കിലും അയോഗ്യതകൾ ഉണ്ടാകുകയോ, പഞ്ചായത്തതിർത്തിയിൽനിന്നും മാറിത്താമസിക്കേണ്ടി വരികയോ ചെയ്യുന്നപക്ഷം മെമ്പർസ്ഥാനം നഷ്ടപ്പെടുന്നതാണ്.

ഒരു മെമ്പർ തുടർച്ചയായി മൂന്നുമാസക്കാലം പഞ്ചായത്തു യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ പ്രസ്തുത കാലത്തിൽ രണ്ടിൽ കുറയാതെയുള്ള യോഗങ്ങൾ നടത്തിയിട്ടുള്ളപക്ഷം തുടർച്ചയായി ആ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ ചെയ്താൽ മെമ്പർസ്ഥാനം നഷ്ടപ്പെടും. പക്ഷെ അപേക്ഷാനുസരണം അദ്ദേഹത്തെ അംഗമാക്കി വീണ്ടും നിയമിക്കാവുന്നതാണ്. എന്നാൽ ഒരംഗത്തെ അദ്ദേഹത്തിൻെറ കാലാ

വധികളുള്ളിൽ രണ്ടുപ്രാവശ്യത്തിലധികം അപ്രകാരം വീണ്ടും നിയമിക്കുവാൻ പാടില്ല. മെമ്പറന്മാരുടെ അയോഗ്യതകളെപ്പററി തീരുമാനിക്കുന്നതിനുള്ള പരമാധികാരം ഗവമ്മെൻറിനാണ്.

## 10. ഉപസംഹാരം

ജനായത്തഭരണ സിദ്ധാന്തങ്ങൾ ഗ്രാമങ്ങളിൽ പ്രചരിപ്പിച്ചു, ഗ്രാമീണരെ സ്വയംഭരണത്തിന് തൽപരരും പ്രാപ്തരും ആക്കുന്നതിലേയ്ക്ക് വേണ്ട കഴിവുകൾ ഉള്ള സംഘടനകളാണ് പഞ്ചായത്തുകൾ. അവയുടെ ഊജ്ജസ്വലവും,കാര്യക്ഷമവുമായ പ്രവത്തനം ഗ്രാമജീവിതത്തിലെ വിവിധവശങ്ങളേയും സ്പർശിക്കുന്നതിനും, ഗ്രാമീണരിൽ സമ്പൽസമൃദ്ധിയും, ഐശ്വര്യാഭിവൃദ്ധിയും ഐക്യവും കൈവരുത്തുന്നതിനും സഹായമായിത്തീരും. ഗ്രാമീണരുടെ കഴിവുകളേയും നേതൃത്വത്തേയും തട്ടിയുണത്തുവാനും പഞ്ചായത്തുകൾക്കു കഴിയും.

പഞ്ചായത്തുഭരണത്തിൻെറ നിലനില്പും പുരോഗതിയും പൊതുജനങ്ങളുടെ സേവനമനോഭാവത്തിലും, ത്യാഗസന്നദ്ധതയിലുമാണ് സ്ഥിതിചെയ്യുന്നത്. പൊതുക്കാര്യപ്രസക്തരും സേവനതല്പരരും ധാരാളമായുള്ള നമ്മുടെ നാട്ടിൽ സ്വയംഭരണമഹാസൗധത്തിൻെറ അസ്ഥിവാരമായ പഞ്ചായത്തുകൾക്ക് ഭാസുരമായ ഭാവിയാണുള്ളതെന്നും പഞ്ചായത്തുകൾവഴി സുഭിക്ഷിത ഗ്രാമപ്രദേശങ്ങളിൽ കളിയാടുമെന്നും നമുക്കു പ്രതീക്ഷിക്കാം.

★

# അനുബന്ധം 1

## പേരു്, അധികാരപരിധി മുതലായവ കാണിക്കുന്ന സ്റ്റേറ്റ്മെൻറു്

### തൃശ്ശൂർ ഡിസ്ട്രിക്ട്

കൊച്ചി—കണയന്നൂർ താലൂക്ക്

| ക്രമ നമ്പർ | പഞ്ചായത്തിൻെറ പേരു് | അധികാര പരിധി | മെമ്പറന്മാരുടെ എണ്ണം | തലസ്ഥാനം |
|---|---|---|---|---|
| 1 | കാഞ്ഞൂർ | കിഴക്കുംഭാഗം, വടക്കുംഭാഗം വില്ലേജുകൾ | 7 | കാഞ്ഞൂർ |
| 2 | ശ്രീമൂലനഗരം | തെക്കുംഭാഗം, ചൊവ്വര ടി | 7 | ശ്രീമൂലനഗരം |
| 3 | ചേരാനല്ലൂർ | കടമകുടി, ചേരാനല്ലൂർ (മുൻസിപ്പൽ അതൃത്തി ഒഴികെ) ടി | 12 | ചേരാനല്ലൂർ |
| 4 | മുളവുകാടു് | മുളവുകാട്ട വില്ലേജു് | 7 | മുളവുകാടു് |
| 5 | എളംകുളം | എറണാകുളം, എളംകുളം വില്ലേജുകൾ (മുനിസിപ്പൽ അതൃത്തി ഒഴികെ) | 10 | എളംകുളം |
| 6 | വയററില | പൂണിത്തുറ വില്ലേജു് | 7 | വയററില |
| 7 | മരടു് | മരടു് ടി | 7 | മരടു് |
| 8 | കുമ്പളം | കുമ്പളം ടി | 7 | പനങ്ങാടു് |

| | | | | |
|---|---|---|---|---|
| 9 | തൃപ്പൂണിത്തുറ | നടമേൽ, തെക്കുംഭാഗം വില്ലേജുകളും തൃപ്പൂണിത്തുറ ടൗണും | 15 | തൃപ്പൂണിത്തുറ |
| 10 | തിരുവാങ്കുളം | തിരുവാങ്കുളം, കുരീക്കാട്, കണയന്നൂർ വില്ലേജുകൾ | 8 | തിരുവാങ്കുളം |
| 11 | മുളംതുരുത്തി | മുളംതുരുത്തി വില്ലേജ് | 7 | മുളംതുരുത്തി |
| 12 | ആമ്പല്ലൂർ | ആമ്പല്ലൂർ, കുലിയേററിക്കര, കീച്ചേരി, ഇടക്കാട്ടുവായൽ, കൈപ്പട്ടൂർ വില്ലേജുകൾ | 11 | ആമ്പല്ലൂർ |
| 13 | ചേന്നമംഗലം | ചേന്നമംഗലം വില്ലേജ് | 10 | ചേന്നമംഗലം |
| 14 | പള്ളിപ്പുറം | പള്ളിപ്പുറം, കുഴിപ്പിള്ളി വില്ലേജുകൾ | 13 | പള്ളിപ്പുറം |
| 15 | എടവനക്കാട് | എടവനക്കാട് വില്ലേജ് | 7 | എടവനക്കാട് |
| 16 | ഞാറയ്ക്കൽ | ഞാറയ്ക്കൽ ടി | 7 | ഞാറയ്ക്കൽ |
| 17 | നായരമ്പലം | നായരമ്പലം ടി | 7 | നായരമ്പലം |
| 18 | എളങ്കുന്നപ്പുഴ | എളങ്കുന്നപ്പുഴ ടി | 11 | എളങ്കുന്നപ്പുഴ |
| 19 | പള്ളുരുത്തി | പള്ളുരുത്തി, രാമേശ്വരം (മുനിസിപ്പൽ അതൃത്തി ഒഴിച്ചുള്ള) വില്ലേജുകൾ | 15 | പള്ളുരുത്തി |
| 20 | കുമ്പളങ്ങി | അന്തിക്കടവുഭാഗം ഒഴികെയുള്ള കുമ്പളങ്ങി വില്ലേജ് | 14 | കുമ്പളങ്ങി |

മുകുന്ദപുരം താലൂക്ക്

| | | | | |
|---|---|---|---|---|
| 21 | വരന്തരപ്പിള്ളി | വരന്തരപ്പിള്ളി, നന്ദിപുലം, മുപ്പിളിയം വില്ലേജുകൾ | 8 | വരന്തരപ്പിള്ളി |

| | | | | |
|---|---|---|---|---|
| 22 | അഴകപ്പനഗർ | അമ്പല്ലൂർ വില്ലേജ് | 7 | അഴകപ്പനഗർ |
| 23 | തൃക്കൂർ | തൃക്കൂർ, കല്ലൂർ, നെന്മിനിക്കര വില്ലേജുകൾ | 8 | തലോർ |
| 24 | കൊടകര | കൊടകര വില്ലേജ് | 7 | കൊടകര |
| 25 | മററത്തൂർ | മററത്തൂർ ടി | 8 | മററത്തൂർ |
| 26 | പറപ്പൂക്കര | പറപ്പൂക്കര, തൊട്ടിപ്പാൾ, നെല്ലായി, ചെങ്ങാലൂർ, തൊറവ വില്ലേജുകൾ | 12 | നന്തിക്കര |
| 27 | പൊറത്തിശ്ശേരി | മാടായിക്കോണം, പൊറത്തിശ്ശേരി (മുൻസിപ്പൽ അതൃത്തി ഒഴികെ) ടി | 7 | കരുവന്നൂർ |
| 28 | മുരിയാട്ട് | മുരിയാട്ട്, ആനന്ദപുരം വില്ലേജുകളും പുല്ലൂർ, ഇരിഞ്ഞാലക്കുട (മുനിസിപ്പൽ അതൃത്തി ഒഴികെ) വില്ലേജുകളും | 7 | മുരിയാട്ട് |
| 29 | കാട്ടൂർ | കാട്ടൂർ, കാറളം, മനവാലശ്ശേരി (മുനിസിപ്പൽ അതൃത്തി ഒഴികെ) വില്ലേജുകൾ | 11 | കാട്ടൂർ |
| 30 | പടിയൂർ | പടിയൂർ, പൂമംഗലം, എടതിരിഞ്ഞി വില്ലേജുകൾ | 9 | അരിപ്പാലം |
| 31 | വെള്ളാങ്ങല്ലൂർ | വള്ളിവട്ടം, വടക്കുംകര തെക്കുംകര, കരുമത്തറ വില്ലേജുകൾ | 9 | തെക്കുംകര |
| 32 | വേളൂക്കര | വേളൂക്കര, കടപ്പശ്ശേരി, കൊററനെല്ലൂർ ടി | 8 | അവിട്ടത്തൂർ |
| 33 | ആളൂർ | ആളൂർ, കല്ലേററിൻകര, താഴക്കാട്ട് ടി | 9 | കല്ലേററിൻകര |

| | | | | | |
|---|---|---|---|---|---|
| 34 | ചാലക്കുടി | കിഴക്കും, പടിഞ്ഞാറും ചാലക്കുടികൾ പേരാമ്പ്ര, പൊട്ട | ടി | 11 | ചാലക്കുടി |
| 35 | പരിയാരം | പരിയാരം, കോടശ്ശേരി, എലഞ്ഞിപ്ര | ടി | 10 | പരിയാരം |
| 36 | മേലൂർ | മേലൂർ, മുരിങ്ങൂർ-വടക്കുമുറി | ടി | 7 | മേലൂർ |
| 37 | കൊരട്ടി | കിഴക്കുമുറി, മുരിങ്ങൂർ-തെക്കുമുറി | ടി | 7 | കൊരട്ടി |
